# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊഴുതന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-1110/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 04/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊഴുതന ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-1110/2023 തീയ്യതി: 04/12/2023

## വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 18-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അഖില മോഹൻ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 01-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 01-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.ശശീന്ദ്രൻ കെ.ഓഡിറ്റ് ഓഫീസർ,
2. ശ്രീ.ഡേവിഡ് കെ.വി. അസി.ഓഡിറ്റ് ഓഫീസർ,
3. ശ്രീ.അലി അക്ബർ കെ.അസി.ഓഡിറ്റ് ഓഫീസർ,
4. ശ്രീ.വിപിൻ ചന്ദ്രൻ എം.ടി. ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനസ് റോസ്ല സ്റ്റെഫി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഹേമലത എം ആർ | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ. എ.ആർ.ശ്രീജിത്ത് | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഹേമലത എം ആർ | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ. എ.ആർ.ശ്രീജിത്ത് | സെക്രട്ടറി | 07-10-2022 | 31-03-2023 |
| ശ്രീ. ഹനീഫ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 18-04-2022 |
| ശ്രീമതി. ബീത പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 19-04-2022 | 04-11-2022 |
| ശ്രീ. സുധീർകുമാർ.യു.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 05-11-2022 | 31-03-2023 |
| ഡോ.വിജേഷ് | മെഡിക്കൽഓഫീസർ.എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ .ഹരിശങ്കർ | മെഡിക്കൽഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീ. രജനികാന്ത് | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. പൌലോസ് ടി .പി | കൃഷി ഓഫീസർ | 01-04-2022 | 20-06-2022 |
| ശ്രീ. അമൽ വിജയ് | കൃഷി ഓഫീസർ | 21-06-2022 | 31-03-2023 |
| ശ്രീമതി. ഉഷ കെ .കെ | ഐ.സി.ഡി .എസ്സ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. റബ്ബി മാത്യൂസ് | മെഡിക്കൽഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീലത എ. | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. വിഷ്ണു ടി .സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷൈനി ജോർജ്ജ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ . ശ്രീഷിത .എസ്.ജി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 30-04-2022 |
| ഡോ . സീന കെ.എം. | വെറ്ററിനറി സർജ്ജൻ | 01-05-2022 | 08-07-2022 |
| ഡോ . ധന്യ രാജൻ | വെറ്ററിനറി സർജ്ജൻ | 09-07-2022 | 31-03-2023 |
| ശ്രീമതി. സരിത | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജിതിൻ തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/റീകൺസിലിയേഷൻ ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | Excess Of Income Over Expenditure - കൃത്യമായ തുകയല്ല നൽകിയിരിക്കുന്നത്. | 1-1-9 |
| 11 | ലോൺ - ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. | 1-1-10 |
| 12 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-2-1 |
| 18 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 19 | സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്. | 1-3-1 |
| 20 | ഫണ്ട് വിനിയോഗം ( ACR)പ്രകാരം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 1-8 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലമുള്ള നഷ്ടം | 1-11 |
| 28 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർനിർണ്ണയിക്കാത്തത് സംബന്ധിച്ച് | 1-12 |
| 29 | വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല | 1-13 |
| 30 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ - കുടിശ്ശിക നിലനിൽക്കുന്നു. | 1-14 |
| 31 | കെട്ടിടാനുമതിയില്ലാതെ റിസോർട്ട്,വില്ല നിർമ്മാണങ്ങൾ നടക്കുന്നത് - സംബന്ധിച്ച് | 1-15 |
| 32 | 2022-23സാമ്പത്തിക വർഷം-തൊഴിൽ നികുതി -പൊതു അപാകതകൾ– സംബന്ധിച്ച് | 1-16 |
| 33 | ടാക്സ് ഓഡിറ്റ് | 1-17 |
| 34 | വനിതകൾക്ക് ആട് വളർത്തൽ പദ്ധതി- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-18 |

| | | |
|---|---|---|
| 35 | കന്നുകുട്ടി പരിപാലന പദ്ധതി -സബ്സിഡി തുക ക്രമീകരിച്ചിട്ടില്ല | 1-19 |
| 36 | വെറ്ററിനറി സർജ്ജൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങി. | 1-20 |
| 37 | വാതിൽ പടി സേവനം- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-21 |
| 38 | കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 39 | വനിതകൾക്ക് കറവ പശു വിതരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-23 |
| 40 | ആദിവാസി തുടർ സാക്ഷരത - പ്രേരക്മാർക്ക് ഹോണറേറിയം - മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. | 1-24 |
| 41 | സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-25 |
| 42 | കണ്ടിജൻസി ചെലവ് കണക്കുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. | 1-26 |
| 43 | സമഗ്ര ഭവന പദ്ധതി ലോൺ - കണക്കുകൾ ലഭ്യമല്ല. | 1-27 |
| 44 | മരുന്നു വാങ്ങൽ - സ്റ്റോക്ക് യഥാവിധം സൂക്ഷിച്ചിട്ടില്ല. | 1-28 |
| 45 | എസ്.എസ്.കെ. വിഹിതം നൽകൽ | 1-29 |
| 46 | ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹരായവർക്ക് ധനസഹായം നൽകേണ്ടതാണ് | 1-30 |
| 47 | യുക്കാലികുന്ന് അനധികൃത നിർമ്മാണം- നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-31 |
| 48 | പട്ടിശ്ശേരി റോഡ് നവീകരണം-കരാറുകാരന് അധികം നൽകിയ ₹ 10937.00 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കി | 1-32 |
| 49 | തട്ടാൻമൂല കുടിവെള്ള പദ്ധതി ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കി | 1-33 |
| 50 | സുഗന്ധഗിരി പ്രളയത്തിലെ മണ്ണ് നീക്കം ചെയ്യൽ– ചെലവ് രേഖകളുടെ ആധികാരികത വ്യക്തമല്ല ചെലവ് തുക ₹1,00,000.00 തടസ്സത്തിൽ വെക്കുന്നു. | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പൊഴുതന ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (നം.3/2 തീ.22/06/2023) 27/06/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൊഴുതന ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൊഴുതന ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കൽപ്പറ്റ**

**തീയതി: 04.12.2023** **സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒ.എം.എസ്.നം.83/11/എൽ.എസ്.ജി.ഡി/28.03.2011), ചട്ടം 62-2(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ് ) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/റീകൺസിലിയേഷൻ ലഭ്യമാക്കിയിട്ടില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്ക്/ട്രഷറിയുടെ പേര് | അക്കൗണ്ട് നം. | നീക്കി ബാക്കി(₹)(B-17 പ്രകാരം) |
|---|---|---|---|
| 1 | Nationalised Bank Account Of Own Revenue Fund | - | 785.00 |
| 2 | കേരള ബാങ്ക് | 2001007472 | 33,786.00 |
| 3 | കേരള ബാങ്ക് | 3576 | 46,596.00 |

| | | | |
|---|---|---|---|
| 4 | കേരള ബാങ്ക് | 4750 | 1,66,787.00 |
| 5 | കേരള ഗ്രാമീണ്‍ ബാങ്ക് | 40229101029613 | 8,908,556.00 |
| 6 | IDBI ബാങ്ക് | 44174 | 0.00 |

## 1-1-3 പ്രതിമാസ ബാങ്ക് റീകണ്‍സിലിയേഷന്‍ പത്രിക തയ്യാറാക്കിയിട്ടില്ല.

എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും പ്രതിമാസ ബാങ്ക് റീകണ്‍സിലിയേഷന്‍ പത്രിക തയ്യാറാക്കുന്നില്ല.

## 1-1-4 കാഷ് ഫ്ലോ പത്രികയിലെ തന്‍വര്‍ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയില്‍ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേര്‍ത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാര്‍ഷികകണക്കിനോടൊപ്പം സമര്‍പ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ പത്രികയില്‍ 2022-23 സാമ്പത്തിക വര്‍ഷം "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 84,35,166.00 രൂപയാണ്. എന്നാല്‍, ഇതേ പത്രികയില്‍ 2022-23 സാമ്പത്തിക വര്‍ഷം "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 45,48,445.00രൂപയാണ്. അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാന്‍ഡേര്‍ഡ് പ്രകാരം മേല്‍ തുകകള്‍ പൊരുത്തപ്പെടേണ്ടതാണ്. എന്നാല്‍, 2022-23 സാമ്പത്തിക വര്‍ഷത്തെ ക്യാഷ് ഫ്ലോ പത്രിക മേല്‍ പ്രകാരം പൊരുത്തപ്പെടാത്തതിനാല്‍, പത്രികയുടെ കൃത്യത ഓഡിറ്റില്‍ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-5 ചെക്ക് നിക്ഷേപിച്ചു-ബാങ്കില്‍ ക്രെഡിറ്റ് ആയില്ല.

ഗ്രാമ പഞ്ചായത്ത് ചെക്കുകള്‍ ബാങ്കില്‍ നിക്ഷേപിച്ചു. നാളിതു വരെ തുക ക്രഡിറ്റ് ആയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കേരള ബാങ്ക്, പൊഴുതന | 40229100107029 | 6801446/26.09.22 | 1,250.00 |
| | | | 000244/21.02.22 | 1,250.00 |
| | | | 2637263/27.08.20 | 1,250.00 |
| | | | 2637284/15.02.21 | 1,250.00 |
| | | | 4104164/25.08.22 | 8,750.00 |

## 1-1-6 വാര്‍ഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേര്‍ത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വാര്‍ഷിക കണക്കുകളിലെ തുകകളും വിവിധ രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാര്‍ഷിക കണക്കിലെ തുക(₹) | രജിസ്റ്റര്‍ പ്രകാരമുള്ള തുക(₹) |
|---|---|---|---|
| 1 | വസ്തു നികുതി കുടിശ്ശിക ഡിമാന്റ് | 3,16,000.00 | 3,23,944.00 |
| 2 | വസ്തു നികുതി കറന്റ് ഡിമാന്റ് | 39,43,956.00 | 39,49,366.00 |
| 3 | വസ്തു നികുതി വരവ് | 38,39,737.00 | 39,34,945.00 |
| 4 | വസ്തു നികുതി മുന്‍കൂര്‍ വരവ് | 12,383.00 | 0.00 |
| 5 | വസ്തു നികുതി കുടിശ്ശിക വരവ് | 86,347.00 | 82,540.00 |
| 6 | വസ്തു നികുതി കുടിശ്ശിക ബാക്കി | 3,12,225.00 | 3,17,181.00 |

## 1-1-7 രജിസ്റ്ററുകള്‍ ഓഡിറ്റില്‍ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയില്‍ സൂക്ഷിക്കുന്നില്ല.

വാര്‍ഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന താഴെ പറയുന്ന രജിസ്റ്ററുകള്‍ ഓഡിറ്റില്‍ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയില്‍ സൂക്ഷിക്കുന്നില്ല.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റര്‍ |

| | |
|---|---|
| 2 | ആസ്തി രജിസ്റ്റർ |
| 3 | ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ |
| 4 | തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ |
| 5 | FACTEOS ലൈസൻസ് രജിസ്റ്റർ |
| 6 | തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്റർ |
| 7 | KURDFC ലോൺ രജിസ്റ്റർ |
| 8 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ |

**1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, വാടക ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-9 Excess Of Income Over Expenditure - കൃത്യമായ തുകയല്ല നൽകിയിരിക്കുന്നത്.**

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക(₹) |
|---|---|---|
| 1 | 2022-23 വർഷത്തെ I & E Statement പ്രകാരം Gross Surplus | (-)3,28,439.00 |
| 2 | 2021-22 വർഷത്തെ Balance Sheet Statement പ്രകാരം Exess Of Income Over Expenditure | 29,43,975.00 |
| 3 | 1 + 2 (2943975-328439) | 26,15,536.00 |
| 4 | 2022-23 വർഷത്തെ Balance Sheet Statement പ്രകാരം Exess Of Income Over Expenditure | 26,54,308.00 |
| 5 | വ്യത്യാസം (4 - 3) | 38,772.00 |

**1-1-10 ലോൺ - ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.**

സമ്പൂർണ്ണ ഭവന പദ്ധതിയുടെ കോ-ഓപ്പറേറ്റീവ് ബാങ്ക് ലോൺ ബാധ്യത തുക രേഖപ്പെടുത്തിയതിലും ന്യൂനതയുണ്ട്. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം സമഗ്ര ഭവന പദ്ധതി ലോണിന്റെ ഔട്ട് സ്റ്റാന്റിംങ് ബാധ്യത ₹1,01,76,575.00 ആയിരുന്നു. ഈ വർഷവും അതേ തുക തന്നെയാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ലോൺ രജിസ്റ്റർ പ്രകാരം, ₹ 35,17,600.00 തൻവർഷം പ്രസ്തുത ലോണിന്റെ മുതലായി തിരിച്ചടവ് നടത്തിയിട്ടുണ്ട്. എന്നാൽ, മേൽ അടവാക്കിയ തുക ബാലൻസ് ഷീറ്റിലെ ബാധ്യതയിൽ നിന്നും കുറച്ചിട്ടില്ല. ലോൺ രജിസ്റ്റർ പ്രകാരം മുൻ ബാക്കി ₹ 80,68,010.00 ഉം നീക്കി ബാക്കി ₹ 45,50,410.00 ഉം ആണ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ വിശദമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ KURDFC ലോണിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

**1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.**

ഗ്രാമപഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള നിക്ഷേപ തുകയെക്കാൾ അധികമാണ് ബാധ്യതകൾ.

ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേക ആവശ്യത്തിന് വേണ്ടി ലഭിച്ച ആകെ തുകയും (₹ 3,54,19,727.00), ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആകെ തുകയും (₹ 9,03,019.00), ബി-9 ഷെഡ്യൂൾ പ്രകാരമുള്ള മറ്റു ബാധ്യതകൾ പ്രകാരമുള്ള ആകെ തുകയും (₹ 26,80,540.00) അടക്കം ആകെ ബാധ്യത തുക ₹3,90,03,286.00ആണ്. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള (ബി-17 ഷെഡ്യൂൾ) ആകെ തുക ₹ 2,61,22,155.00 ആണ്.

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

## 1-1-13 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജലനിധി, MGNREGA തുടങ്ങിയ പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 1-1-14 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്താതെ ഓഡിറ്റ് ആവശ്യത്തിലേക്ക് മാത്രം തയ്യാറാക്കി വാർഷിക കണക്കുകളിലെ തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 20/22-23/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബഡ്ജറ്റ് 31-03-2022 ലെ 01/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബഡ്ജറ്റ് 25.03.23 ലെ 02/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ഇപ്രകാരമാണ്.

| ഇനം | ബജറ്റ് പ്രകാരം തുക | പുതുക്കിയ ബജറ്റ് പ്രകാരം തുക |
|---|---|---|
| മുൻബാക്കി | 1115694 | 2150978 |
| വരവ് | 237885000 | 237885000 |
| ആകെ | 239000694 | 240035978 |
| ചെലവ് | 237774000 | 238154000 |
| നീക്കിബാക്കി | 1226694 | 1881978 |

## 1-2-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ബജറ്റ് 31-3-2022 ന് പാസാക്കിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കേണ്ടത് ഏതുവിധമാണ് എന്നത് സംബന്ധിച്ച് സ.ഉ (ആർ.ടി) നം. 3291 /2016 /തസ്വഭവ തീയതി 02-12-16 പ്രകാരമുള്ള ധനമാനേജ്മെന്റ് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 175 (1) പ്രകാരവും ബജറ്റ് തയ്യാറാക്കേണ്ടുന്നതിന്റെ നാൾവഴികൾ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളും ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി തൊട്ടടുത്ത വർഷത്തേക്കുവേണ്ടി ഒരു വാർഷിക വികസന രേഖ തയ്യാറാക്കണം. പഞ്ചായത്ത് രാജ് നിയമം 214 (1) വകുപ്പ് പ്രകാരം ഈവികസന രേഖ വാർഷിക പദ്ധതിയുടെ ഭാഗമായിരിക്കണം.

ബജറ്റിൽ പരിഗണിക്കേണ്ട വിവിധ പ്രതീക്ഷാത്മക വരവ് ചെലവുകളെ സംബന്ധിച്ചുള്ള പദ്ധതി, പദ്ധതിയേതര ശുപാർശകൾ ക്രോഡീകരിച്ച് വിശകലനം ചെയ്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കണം, വാർഷിക വികസന പദ്ധതി തയ്യാറാക്കിയിട്ടില്ലെങ്കിൽ, തദ്ദേശസ്വയംഭരണ സ്ഥാപനം പ്രമേയം മൂലം അംഗീകരിച്ച ബജറ്റ് അലോക്കേഷന്റെ അടിസ്ഥാനത്തിൽ വേണം കരട് ബജറ്റ് തയ്യാറാക്കൽ. കരട് ബജറ്റ്, അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ചയിൽത്തന്നെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രത്യേക യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യണം. ആവശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31ന് മുമ്പായി ബജറ്റ് പാസാക്കണം. എന്നാൽ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയത് എന്നത് വ്യക്തമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ബജറ്റ് പാസാക്കിയിട്ടുണ്ട് എന്നതിലപ്പുറം ബജറ്റ് തയ്യാറാക്കിയത് സംബന്ധിച്ച മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ ഓഫിസ് തലവൻമാർ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.സ്ഥാപനത്തിന്റെ യഥാർത്ഥ വരവുചെലവുകളുടെ പ്രതീക്ഷാത്മക രേഖയായി ബജറ്റ് പ്രതിഫലിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് നിലവിൽ ചട്ടപ്രകാരം സ്വീകരിച്ച നടപടിക്രമങ്ങൾ കൃത്യമായി മിനുട്സ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| **മുന്നിരിപ്പ്** | ₹ 1,76,86,989.00 |
| **വരവ്** | ₹ 5,19,62,480.00 |
| **ആകെ** | ₹ 6,96,49,469.00 |
| **ചെലവ്** | ₹ 4,35,27,314.00 |
| **നീക്കിയിരിപ്പ്** | ₹ 2,61,22,155.00 |

## 1-3-1 സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കേണ്ടുന്ന ഭരണസംവിധാനമാണ് സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും. വിവിധ തലങ്ങളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പദ്ധതി നിർദ്ദേശങ്ങൾ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും പരിശോധിച്ച് അന്തിമമായി തയ്യാറാക്കി അംഗീകാരത്തിന് അയക്കുന്നത് മുതൽ അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതുവരെയുള്ള നിയതമായ ഉത്തരവാദിത്തങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകൾക്കും നിർവ്വഹിക്കാനുണ്ട്.ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള, ഗ്രാമസഭകൾ വിളിച്ചുചേർക്കുക. പദ്ധതി നടത്തിപ്പിലെ ഓരോ ഘട്ടവും വിലയിരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുക ഇടങ്ങിയ ഉത്തരവാദിത്തങ്ങളും സ്റ്റാന്റിംഗ് കമ്മറ്റികൾക്കുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾക്കാവട്ടെ പദ്ധതി രൂപീകരണത്തിന് പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക. ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അവസ്ഥാരേഖ പരിഷ്കരിക്കുക, ഗ്രാമസഭാ, വാർഡ്സഭ, ഊരുകൂട്ടം എന്നിവയിലെ ചർച്ചകൾക്ക് നേതൃത്വം വഹിക്കുക എന്നീ ഉത്തരവാദിത്തങ്ങളുമുണ്ട്.

2022- 23 വർഷത്തിലെ ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ 15 വിഷയമേഖലയിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2022-23 വർഷത്തിൽ പരമാവധി നാലു യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. യോഗ മിനിട്സിൽ ആകട്ടെ ഔപചാരികമായ യോഗ നടപടി വിവരങ്ങൾ ചേർത്തുവന്നിട്ടുണ്ട് എന്നതിലുപരി വർക്കിംഗ് ഗ്രൂപ്പുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്ന വിധത്തിലുള്ള വിവരങ്ങളൊന്നും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആസൂത്രണപ്രക്രീയയിൽ നിശ്ചയിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന തലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളും ഉയർന്ന് പ്രവൃത്തിക്കേണ്ടതാണ്. ഇതിൽ തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഓരോ മേഖലയിലും പ്രാവീണ്യവും താത്പര്യവും

ഉള്ളവരാണ് എന്ന് ഉറപ്പുവരുത്തിമാത്രം കമ്മറ്റികളിൽ അംഗങ്ങളായി ചേർക്കേണ്ടതാണ്. കഴിവതും പൂർണ്ണ അംഗങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് യോഗം ചേരേണ്ടതാണ്. അജണ്ട കൃത്യമായി തയ്യാറാക്കേണ്ടതാണ്, ഓരോ അംഗത്തിന്റെയും അഭിപ്രായം, പൊതു ചർച്ചകൾ, തീരുമാനം എന്നിവ മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്. മിനുട്സ് വൃത്തിയായും, ചിട്ടയോടെയും തയ്യാറാക്കാനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പുകളും അവരിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം ( ACR)പ്രകാരം

| ഫണ്ടിനം | ഒ.ബി (₹) | വരവ് /അലോട്ട്മെന്റ്(₹) | ആകെ(₹) | ചെലവ്(₹) | ലാപ്സ്ഡ് തുക(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | | As Per ACR : 20299089 (+)<br>Source Deduction : 3857911 | 24157000 | As Per ACR : 18920597 (+)<br>GO Projects : 3857911<br>Total : 22778508 (-)<br>Q Bill : 854073<br>Exp. As Per Sulekha : 21924435 | 1378492 |
| വികസന ഫണ്ട് (എസ്.സി.പി ) | | As Per ACR : 3629527 (+)<br>Source Deduction : 1029473 | 4659000 | As Per ACR : 3171025 (+)<br>GO Projects : 1029473<br>Total : 4200498<br>Exp. As Per Sulekha : 4200498 | 458502 |
| വികസന ഫണ്ട് (ടി.എസ്.പി) | | As Per ACR : 8687995 (+)<br>Source Deduction : 1772005 | 10460000 | As Per ACR : 7141838 (+)<br>GO Projects : 1772005<br>Total : 8913843 (-)<br>Q Bill : 99545<br>Exp. As Per Sulekha : 8814298 | 1546157 |
| MG റോഡ് | | 6921000 | 6921000 | 2429017 | 4491983 |
| MG നോൺ-റോഡ് | | 6378000 | 6378000 | As Per ACR : 6282200 (+)<br>Q Bill : 248280<br>Total : 6530480 | 95800 |

| | | | | | |
|---|---|---|---|---|---|
| | | | | Exp. As Per Sulekha : 6033920 | |
| CFC ഗ്രാന്റ് (Tied) | | 7609507 | 7609507 | 3674364 | 3935143 |
| CFC ഗ്രാന്റ് (Untied) | | 3955252 | 3955252 | 3942299 | 12953 |

സ.ഉ. (കൈ)നം.16/2021/ത.സ്വ.ഭ.വ. തീയതി 23.01.2021 പ്രകാരമുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാന്റ് വിനിയോഗങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 207 | 377754329 | 151 | 59873523 | 0 | 56 | 73 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 27 | 25 | 15454729 | 13166346 | 85.19 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 900000 | 503103 | 55.9 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 116 | 65 | 35196221 | 15714328 | 44.67 |
| 4 | കൃഷി ഓഫീസർ | 4 | 4 | 980000 | 968000 | 98.78 |
| 5 | വി.ഇ.ഒ. | 9 | 9 | 3,016,02031 | 9760199 | 3.23 |
| 6 | മെഡിക്കൽ ഓഫീസർ FHC | 9 | 7 | 2829733 | 2202060 | 77.82 |
| 7 | മെഡിക്കൽ ഓഫീസർ GAD | 4 | 4 | 1325000 | 1325000 | 100 |
| 8 | മെഡിക്കൽ ഓഫീസർ HOMOEO | 2 | 2 | 40000 | 39999 | 100 |
| 9 | വെറ്റിനറി സർജൻ | 10 | 10 | 7693000 | 5175838 | 67.28 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 12 | 7194277 | 6630286 | 92.16 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 17,04,000 | 17,04,000 | 100 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 1,00,000 | 40000 | 40 |
| 13 | ഹെഡ് മാസ്റ്റർ | 7 | 7 | 2735338 | 2644364 | 96.67 |
| | **ആകെ** | **207** | **151** | **37,77,54,329** | **59873523** | **15.85** |

2022-23 വർഷത്തെപദ്ധതി ചെലവ് കേവലം 15.85% മാത്രമാണ് എന്നാൽ അംഗീകാരം ലഭിച്ച 207 പ്രൊജക്ടുകളിൽ 151 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. നിർവ്വഹിച്ച പ്രൊജക്ടുകളുടെ അടിസ്ഥാനത്തിൽ 73% പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ട്. ആകെയുള്ള 13 നിർവ്വഹണ ഉദ്യോഗസ്ഥന്മാരിൽ അസി.എഞ്ചിനിയർ അംഗീകാരം ലഭിച്ച 116 പ്രൊജക്ടുകളിൽ 65 പ്രൊജക്ടുകൾ മാത്രമാണ് നിർവ്വഹിക്കാൻ സാധിച്ചിട്ടുള്ളത്. ബാക്കിയുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാർ അംഗീകാരം ലഭിച്ചതിൽ ഭൂരിഭാഗവും നിർവ്വഹിച്ചിട്ടുണ്ടെങ്കിലും അനുവദിച്ച അടങ്കൽ തുകയിൽ വളരെ കുറവ് മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.വി.ഇ.ഒ നിർവ്വഹണം നടത്തിയത് കണക്ക് പ്രകാരം അടങ്കൽ തുകയുടെ കേവലം 3.23% മാത്രമാണ്. വിവിധ ഭവനപദ്ധതികൾക്ക് വകയിരുത്തിയ കേന്ദ്രവിഹിതം, ബ്ലോക്ക് ജില്ലാപഞ്ചായത്ത് വിഹിതം, തനത്ഫണ്ട് എന്നിവ വിനിയോഗിക്കാത്തതാണ് പ്രൊജ്കട് ചെലവുകൾ കുറയാനിടയാക്കിയത്. ഈവിധം വകയിരുത്തിയ തുക ചെലവഴിക്കാനാകാത്തതിന്റെ സാഹചര്യം വ്യക്തമല്ല. മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുവാനുണ്ടായ കാലതാമസം ഈ വിധം അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവുകൾ കുറയാൻ ഇടയാക്കിയിട്ടുണ്ട്. പദ്ധതി ആസൂത്രണം കാര്യക്ഷമമാക്കി ലഭ്യമായ ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| **ഭരണചെലവുകൾ** | 384971.5 | 1975906 | 1467162 | |
| **ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്** | | 58,38,0511 | 56829044 | 906965.5 |
| **മെറ്റീരിയൽസ് ഘടകം** | | 12710914.46 | 14262,381.46 | |
| പലിശ | | 13250.00 | | |
| ആകെ | 384971.5 | 73080581.46 | 72558587.46 | 906965.5 |

തൊഴിലുറപ്പ് വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി ഭാഗീകമായി മാത്രമാണ് പൊരുത്തപ്പെടുന്നത്.. തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ക്യാഷ് ബുക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഫൈനൽ കണക്ക് അടിസ്ഥാനമാക്കിയാണ് മേൽ സ്ഥിതിവിവരം ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 16,93,000 | 154 |
| വിധവാ പെൻഷൻ | 10,309,200 | 927 |
| വാർദ്ധക്യ കാല പെൻഷൻ | 15,543,000 | 1484 |
| ഭിന്നശേഷി വിഭാഗം പെൻഷൻ | 23,57,800 | 214 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1,45,000 | 14 |

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ജനസൗഹൃദ ഭരണസംവിധാനത്തിനും മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും മികച്ച രീതിയിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. 13 വാർഡുകളാണ് ഗ്രാമപഞ്ചായത്തിനുള്ളത്. 71.30 ച.മീറ്റർ വിസ്തീർണ്ണവും, 2011 ലെ സെൻസസ്സ് പ്രകാരം 18404 ആണ് ആകെ ജനസംഖ്യ.

ഓഫീസിന്റെ ദൈനംദിന ഭരണനിർവ്വഹണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി നിർദ്ദേശിച്ച വിധം വിശദമായ ഓഫീസ് ഉത്തരവ് (ഉത്തരവ് നം.95/2017തീയതി 04-02-2022) പുറപ്പെടുവിച്ചിട്ടുണ്ട് .ഈ ഉത്തരവിൽ വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രത്യേകം നിർണ്ണയിച്ചിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് രജിസ്റ്ററുകളും രേഖകളും വിശദവിവരങ്ങൾ ഉൾപ്പെടുത്തി കൃത്യതയോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവിധ വരവ് ചെലവുകളുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ, പത്രികകൾ എന്നിവയെല്ലാം കൃത്യതയോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

അനധികൃത കെട്ടിട നിർമ്മാണം , പോസ്റ്റ് ഒക്കുപെൻസിക്ക് ശേഷമുള്ള അനധികൃത കൂട്ടിചേർക്കലുകൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഫീൽഡ് തല പരിശോധന നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് കാലയളവിൽ ലഭ്യമായ ഫണ്ടുകളിൽ 18% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണവും നിർവ്വഹണവും കൃത്യമായപ്ലാനിംഗിലൂടെ നടപ്പാക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാവേണ്ടതുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തപ്പെടുന്നില്ല എന്നത് ഒരു പോരായ്മയാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി ഓഡിറ്റ് വർഷം നിർവ്വഹിച്ച പ്രൊജക്ട് ഫയലുകൾ മാന്വലായി ലഭ്യമാക്കാതെ ILGMS മുഖേന മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ രേഖകൾ ലഭ്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നിർവ്വഹിക്കേണ്ടതാണ്. ഓഫീസ് പ്രവർത്തനങ്ങളും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.11.2023 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്ബാലൻസായ 4897/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2022 To 30.05.2022 | 2021-22 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2010 | 2005/06-2009/10 | 11.01.2011 |

## 1-11 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലമുള്ള നഷ്ടം

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പറുകൾ നല്കി, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ചുവടെ ചേർത്ത 100ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നിലവിൽ 100ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയിട്ടുണ്ട്.

1) ശ്രീ.ആരിഫ് & ബാഷീർ,കരിയാട്ടുമ്പോയിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള 10/303 A മുതൽ Kനമ്പറുകൾ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് താഴെ നൽകുന്നു

A) 10/303 A നമ്പർ 20.8 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1040 | 1456 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 208 | 291 |
| ആകെ നികുതി (1+2) | 1248 | 1747 |
| ലൈബ്രറി സെസ്സ് (5%) | 63 | 88 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1311 | 1835 |
| നികുതിയിനത്തിലെ നഷ്ടം | 524 | |

B) 10/303 B നമ്പർ 20.8 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1040 | 1456 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 208 | 291 |
| ആകെ നികുതി (1+2) | 1248 | 1747 |
| ലൈബ്രറി സെസ്സ് (5%) | 63 | 88 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1311 | 1835 |
| നികുതിയിനത്തിലെ നഷ്ടം | 524 | |

C) 10/303 C നമ്പർ 20.8 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ | ച.മീറ്ററിന് 70 രൂപ നിരക്കിൽ |
|---|---|---|

| | നിർണയിച്ചിരിക്കുന്ന നികുതി | നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1040 | 1456 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 208 | 291 |
| ആകെ നികുതി (1+2) | 1248 | 1747 |
| ലൈബ്രറി സെസ്സ് (5%) | 63 | 88 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1311 | 1835 |
| നികുതിയിനത്തിലെ നഷ്ടം | 524 | |

D) 10/303 D നമ്പർ 20.8 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1040 | 1456 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 208 | 291 |
| ആകെ നികുതി (1+2) | 1248 | 1747 |
| ലൈബ്രറി സെസ്സ് (5%) | 63 | 88 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1311 | 1835 |
| നികുതിയിനത്തിലെ നഷ്ടം | 524 | |

E) 10/303 E നമ്പർ 20.8 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1040 | 1456 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 208 | 291 |
| ആകെ നികുതി (1+2) | 1248 | 1747 |
| ലൈബ്രറി സെസ്സ് (5%) | 63 | 88 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1311 | 1835 |
| നികുതിയിനത്തിലെ നഷ്ടം | 524 | |

F) 10/303 F നമ്പർ 25.97 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1298.5 | 1817.9 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 259.7 | 364 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് | 77.95 | 110 |
| ആകെ നികുതി (1+2-3) | 1480 | 2071 |
| ലൈബ്രറി സെസ്സ് (5%) | 74 | 194 |

| | | |
|---|---|---|
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1554 | 2265 |
| നികുതിയിനത്തിലെ നഷ്ടം | 711 | |

G) 10/303 G നമ്പർ 25.97ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1298.5 | 1817.9 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 259.7 | 364 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് | 77.95 | 110 |
| ആകെ നികുതി (1+2-3) | 1480 | 2071 |
| ലൈബ്രറി സെസ്സ് (5%) | 74 | 194 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1554 | 2265 |
| നികുതിയിനത്തിലെ നഷ്ടം | 711 | |

H) 10/303 H നമ്പർ 25.75 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1287.5 | 1802.5 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 257.5 | 361 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് | 77.95 | 108 |
| ആകെ നികുതി (1+2-3) | 1467.05 | 2055.50 |
| ലൈബ്രറി സെസ്സ് (5%) | 73 | 103 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1540 | 2158 |
| നികുതിയിനത്തിലെ നഷ്ടം | 618 | |

J) 10/303 J നമ്പർ 25.75 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1287.5 | 1802.5 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 257.5 | 361 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് | 77.95 | 108 |
| ആകെ നികുതി (1+2-3) | 1467 | 2055.50 |
| ലൈബ്രറി സെസ്സ് (5%) | 73 | 103 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1540 | 2158 |
| നികുതിയിനത്തിലെ നഷ്ടം | 618 | |

K) 10/303 K നമ്പർ 25.97 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1298.50 | 1817.90 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 259.70 | 363.58 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് | 77.95 | 108 |
| ആകെ നികുതി (1+2-3) | 1480.25 | 2073.48 |
| ലൈബ്രറി സെസ്സ് (5%) | 74 | 104 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1554.25 | 2177 |
| നികുതിയിനത്തിലെ നഷ്ടം | 623 | |

ടേബിൾ A,b,c,d എന്നിവയിൽ നിന്നുള്ള ആകെ നികുതിയിനത്തിലുള്ള നഷ്ടം 524 (ടേബിൾ A)+ 524 (ടേബിൾ B) + 524 (ടേബിൾ C)+ 524 (ടേബിൾ D) + 524 (ടേബിൾ E)+ 711 (ടേബിൾ F)+ 711 (ടേബിൾ G)+ 618 (ടേബിൾ H)+ 618 (ടേബിൾ J)+ 623 (ടേബിൾ K) = 5901 രൂപ .

2) ശ്രീ.അബ്ദുൾ സലാം , പൂവല്ലൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള 2/83 C മുതൽ L നമ്പറുകൾ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് താഴെ നൽകുന്നു.

A) 2/83 C നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

B) 2/83 D നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

C) 2/83 E നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി | 1208 | 1691 |

| | | |
|---|---|---|
| സെസ്സ് ഉൾപ്പെടെ) | | |
| നികുതിയിനത്തിലെ നഷ്ടം | 483 | |

D) 2/83 F നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

E) 2/83 G നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

F) 2/83 H നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

G) 2/83 J നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

H) 2/83 K നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |

| | | |
|---|---|---|
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

I ) 2/83 L നമ്പർ 23 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 70 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1150 | 1610 |
| ആകെ നികുതി | 1150 | 1610 |
| ലൈബ്രറി സെസ്സ് (5%) | 58 | 81 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1208 | 1691 |
| നികുതിയിനത്തിലെ നഷ്ടം | 483 | |

ടേബിൾ A,b,c,d എന്നിവയിൽ നിന്നുള്ള ആകെ നികുതിയിനത്തിലുള്ള നഷ്ടം 483 (ടേബിൾ A)+ 483(ടേബിൾ B) + 483 (ടേബിൾ C)+ 483 (ടേബിൾ D) + 483 (ടേബിൾ E)+ 483 (ടേബിൾ F)+ 483 (ടേബിൾ G)+ 483 (ടേബിൾ H)+ 483 (ടേബിൾ I) = 4347 രൂപ .

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.5/11.10.2023) ലഭ്യമാക്കിയ മറുപടിയിൽ 2/83 C മുതൽ L വരെയുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിയ്ക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ച് ആകെ തുക ₹4347 രൂപ 1230100864 രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്.
ശ്രീ.ആരിഫ് & ബാഷീർ,കരിയാട്ടുമ്പോയിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള 10/303 A മുതൽ Kനമ്പറുകളുടെ കെട്ടിടനികുതിയിൽ നഷ്ടം വന്ന ₹ 5901/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സമാനമായ കെട്ടിടങ്ങൾക്ക് ഈ വിധത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് നഷ്ടം ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർനിർണ്ണയിക്കാത്തത് സംബന്ധിച്ച്

സഞ്ജയ സോഫ്റ്റ് വെയർ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 മൊബൈൽ ടവറുകളാണ് ഉള്ളത്.26.02.2022 തീയതിയിലെ ആർ.ഡി 3/94/2020/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം വസ്തു നികുതി കണക്കാക്കേണ്ട ആവശ്യത്തിന് മൊബൈൽ ടവറുകളുടെ വിസ്തീർണം കണക്കാക്കുമ്പോൾ മൊബൈൽ ടവറിന്റെ വിസ്തീർണവും ജനറേറ്ററുൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളുടെ വിസ്തീർണവും പരിഗണിച്ച് വസ്തു നികുതി പുനർനിർണയിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.10.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ സർക്കുലർ പ്രകാരം വസ്തു നികുതി പുനർനിർണയിച്ചിട്ടില്ലയെന്നും ഈ വർഷം തന്നെ മേൽ സർക്കുലർ പ്രകാരമുള്ള ചുമതല നിർവഹിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.
ഫീൽഡ് പരിശോധന നടത്തി മൊബൈൽ ടവറുകളുടെ വിസ്തീർണവും ജനറേറ്ററുൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളുടെ വിസ്തീർണവും പരിഗണിച്ച് വസ്തു നികുതി പുനർനിർണയിച്ച് തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 254 പ്രകാരം ഗ്രാമപഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന വിഷയത്തിന്മേൽ ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങാൻ അധികാരമുണ്ട്. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. അംഗീകാരമുള്ള ബൈലോയുടെ അഭാവത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനുള്ള രീതികൾ, ഈടാക്കേണ്ട വാടക നിരക്ക്, പിഴപലിശ, വാടക നിബന്ധനകൾ തുടങ്ങിയ വിഷയങ്ങളിൽ നിയമപരമായ പിന്തുണ ഉണ്ടാകുന്നില്ല. ഇത് വാടകക്കാരുമായുണ്ടാവുന്ന നിയമവ്യവഹാരങ്ങളിൽ ഗ്രാമപഞ്ചായത്തിനെ ദോഷകരമായി ബാധിക്കാവുന്നതാണ്.ആയതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ബൈലോ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.7/22-23,

തീയതി:21.10.2023 ) മറുപടി ലഭ്യമാക്കുകയോ, ബൈലോ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

## 1-14 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ - കുടിശ്ശിക നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെ ഗ്രാമപഞ്ചായത്തിനു ലഭ്യമാകുവാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റൂം നമ്പർ | ഉടമ | മുൻവർഷ കുടിശ്ശിക |
|---|---|---|---|
| 1 | ലഭ്യമല്ല | അബ്ദുൾ സലാം | 6948 |
| 2 | 27 | റഫീഖ്.എം.ടി | 18108 |
| 3 | 28 | അബ്ദുൾ സമദ് | 17919 |
| 4 | 34 | ജബീർ.ടി | 7284 |
| ആകെ | | | 50259 |

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/21.10.2023) മറുപടിയായി കുടിശ്ശിക വരുത്തിയവർക്കെതിരെ നോട്ടീസ് നൽകി തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത് .പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ വാടകയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ വ്യവസ്ഥകൾ പ്രകാരം കക്ഷികളുടെ പക്കൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടാനുമതിയില്ലാതെ റിസോർട്ട്,വില്ല നിർമ്മാണങ്ങൾ നടക്കുന്നത് - സംബന്ധിച്ച്

വിവരാവകാശ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ കെട്ടിടാനുമതിയില്ലാതെ നിർമാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.9/21.10.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഈ വിധം 40 ൽ അധികം വില്ലകൾ അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ചതായി സ്ഥല പരിശോധനയിൽ കണ്ടെത്തിയെന്നും ഉടമകൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.കൂടാതെ മേൽ അനധികൃത നിർമ്മാണം സംബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് ജില്ലാ ടൗൺ പ്ലാനർ,എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത് വിഭാഗം,ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി കത്ത് നൽകിയിട്ടുമുണ്ട്.എന്നാൽ ഇത്രയധികം അനധികൃത നിർമ്മാണം നടന്നിട്ടും അവ പൂർത്തീകരണത്തിന് ശേഷം മാത്രമെ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചിട്ടുള്ളു. പരിസ്ഥിതി ലോലമായ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളും, റവന്യൂ, ഫോറസ്റ്റ്, ജിയോളജി തുടങ്ങിയ വകുപ്പുകളുടെ സർക്കുലറുകളും അടിസ്ഥാനമാക്കിയാണ് നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 2022-23സാമ്പത്തിക വർഷം-തൊഴിൽ നികുതി -പൊതു അപാകതകൾ- സംബന്ധിച്ച്

2022-23 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റിലുണ്ടായിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2022-23 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി രണ്ട് അർദ്ധ വർഷവും ഈടാക്കിയിട്ടില്ല.

A) ക്ഷീരോൽപാദക സഹകരണ സംഘം (ഒന്നാം അർദ്ധവർഷം)

B)അക്ഷയ കേന്ദ്രം - ആറാം മൈല്

2)ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

3) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് എ.എഫ്.സ് പ്രകാരം 877150 രൂപയും തൊഴിൽ നികുതി കളക്ഷൻ എ.എഫ്,എസ് പ്രകാരം 832900രൂപയുമാണ്.തൊഴിൽ നികുതി രജിസ്റ്ററിലേയും എ.എഫ്.എസി ലേയും വരവുകളും ഡിമാന്റും തമ്മിൽ പൊരുത്തമില്ല.തൊഴിൽ നികുതി രജിസ്റ്ററിലെ അബ്സ്ട്രാക്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. കൂടാതെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി ഹാജരാക്കേണ്ടതാണ്.

4)തൊഴിൽ നികുതി രജിസ്റ്ററിൽ മുൻ അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഡിമാന്റിലുണ്ടായിരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. മേൽ ജീവനക്കാർ ട്രാൻസ്ഫർ ആയതും,വിരമിച്ചതും സംബന്ധിച്ച വിവരങ്ങൾ ട്രാൻസ്ഫർ ആയ/വിരമിച്ച തീയതിയടക്കം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിരമിച്ച/ട്രാൻസ്ഫർ ആയ അർദ്ധ വർഷം മേൽ ജീവനക്കാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസം ജോലി ചെയ്തിട്ടുണ്ടൊയെന്നും,ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ളവരാണൊയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/21.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധിച്ചും. ഫിൽഡ് തല അന്വേഷണം നടത്തിയും ചട്ടപ്രകാരം തൊഴിൽ നികുതി ഒടുക്കേണ്ടുന്ന എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനങ്ങൾ എടുത്തില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്(2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60) .

2.ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം പിരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|

| | | | |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 5,000,000 | 3839737 | -1160263 |
| തൊഴിൽ നികുതി(തൻവർഷം) | 1,600,000 | 1132460 | -467540 |
| Rental Income | 750,000 | 230632 | -519368 |
| Fee & User Charges | 1,910,000 | 693444 | -1216556 |
| Sale & Hire Charges | 785,000 | 108054 | -676946 |
| Interest Earned | 510,000 | 229511 | -280489 |
| Other Income | 210000 | 84 | -209916 |
| ആകെ | 10765000 | 6233922 | -4531078 |

**വിവിധ വരവിനങ്ങൾ**

**എ) തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

പഞ്ചായത്തിൽ ധാരാളം വില്ലകൾ,റിസോർട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്**

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

**സി) വസ്തു നികുതി**

പൊഴുതന ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023-ലെ സ.ഉ. (അച്ചടി) 25/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 27/7/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. 27/7/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 1-ാം നമ്പർ തീരുമാന പ്രകാരം ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. അതിനെത്തുടർന്ന് നികുതി

നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

**ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി ധാരാളം റിസോർട്ടുകൾ, വില്ലകൾ പ്രവർത്തിക്കുന്നു.**

ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി ധാരാളം റിസോർട്ടുകൾ, വില്ലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിവരാവകാശ രേഖകൾ പരിശോധിച്ചതിൽ യൂക്കാലിക്കുന്നിൽ 40-ഓളം വില്ലകളുടെ പണി പുതുതായി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നിർമ്മാണങ്ങൾ ഒന്നും നിയമപരമായി ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെയല്ല. മേൽപ്പറഞ്ഞ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിലവിൽ പഞ്ചായത്ത് നിയമനടപടി സ്വീകരിച്ച് വരുന്നുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ ഇത്തരം കെട്ടിടങ്ങളുടെ പണി പൂർത്തിയായതിനു ശേഷം മാത്രമെ പഞ്ചായത്ത് നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചിട്ടുള്ളൂ.പാരിസ്ഥിതിക്ക് വളരെയധികം പ്രാധാന്യം കൊടുക്കേണ്ട പഞ്ചായത്തെന്നിരിക്കെ അനധികൃത നിർമാണങ്ങൾക്കെതിരെ കർശനനടപടികൾ സ്വീകരിക്കരിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാക്കാവുന്നതാണ്.**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന് , ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.s

പൊഴുതന ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല.ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർണമല്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ( Other Reports – Data Purification Details ) ആകെയുള്ള 7094 കെട്ടിടങ്ങളിൽ 26 കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

**സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല.**

01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല .ഓരോ വരവിനങ്ങളിലുമുള്ള കുടിശ്ശികയും കാലയളവും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വനിതകൾക്ക് ആട് വളർത്തൽ പദ്ധതി- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

| | |
|---|---|
| **പ്രൊജക്റ്റ് നമ്പർ** | S0133/23 |
| **പ്രൊജക്റ്റിന്റെ പേര്** | വനിതകൾക്ക് ആട് വളർത്തൽ പദ്ധതി |
| **അടങ്കൽ** | ₹ 7,00,000.00<br>(വികസന ഫണ്ട് ജനറൽ)<br>₹ 7,00,000.00<br>(ഗുണഭോക്തൃ വിഹിതം) |
| **ചെലവ് (₹)** | ₹ 4,10,000(230000 – വികസന ഫണ്ട്, 180000 – ഗു.വി) |
| | 50000(ബിൽ നം.8/22-23/02.03.23) |
| | 40000(ബിൽ നം.7/22-23/17.02.23) |
| | 90000(ബിൽ നം.2/22-23/11.01.23) |
| | 50000(ബിൽ നം.18/22-23/27.03.23) |

| | |
|---|---|
| | |
| | 90000(ചെക്ക് നം.18939/19.01.23) |
| | 40000(ചെക്ക് നം.18951/27.02.23) |
| | 50000(ചെക്ക് നം.18952/02.03.23) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ പാലുല്പാദനവും മാംസോല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ച് തയ്യാറാക്കിയ പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് ₹10,000 സബ്സിഡി നൽകി 2 വീതം ആടുകളെ നല്കുന്നു. ആകെ 23 ഗുണഭോക്താക്കൾക്കാണ് 2022-23 വർഷം സബ്സിഡി നൽകിയിരിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ)നം.115/2022 തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 6.3.3 പ്രകാരം, ഈ പ്രൊജക്ടിൽ വിതരണം ചെയ്യുന്ന ആടിന് 6-8 മാസം പ്രായവും 12 കിഗ്രാം എങ്കിലും ഭാരവും ഉണ്ടായിരിക്കണമെന്നും, യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും . വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും, അദ്ധ്യക്ഷനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ അഞ്ച് പേരെ കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് റിപ്പോർട്ടിൽ 8 മാസമെങ്കിലും പ്രായമുള്ളതും 12 Kg ൽ കൂടുതൽ ശരീരഭാരവുമുള്ള 2 പെണ്ണാടുകളെ പർച്ചേസ് കമ്മിറ്റി മുഖാന്തിരം ഗുണഭോക്താവ് 20000/- രൂപ മുടക്കി നേരിട്ട് വാങ്ങികുകയും ഇതിലേക്ക്, സബ്സിഡി ആയി 10000/- രൂപ നൽകുന്ന വിധത്തിലാണ് നിർവ്വഹണ രീതി വ്യക്തമാക്കിയിട്ടുള്ളത്.

എന്നാൽ, മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. എന്നാൽ 20000 രൂപ വിലയുള്ള ആടുകളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങാൻ പർച്ചേസ് കമ്മിറ്റി 01/03/23- ന് തീരുമാനിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച വിധത്തിൽ അഞ്ച് ഗുണഭോക്താക്കളെ കമ്മിറ്റിയിൽ അംഗങ്ങൾ ആക്കി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് ആടുകളെ വാങ്ങിച്ചതിന്റെ അടിസ്ഥാനത്തിൽ ആടുകളെ വിറ്റ വ്യക്തികളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകുകയുമാണ് ചെയ്തിരിക്കുന്നത്. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടിൽ ആനുകൂല്യം ലഭിച്ച 23 ഗുണഭോക്താക്കളുടെയും ഫയലുകൾ പരിശോധിച്ചതിൽ നിന്നും ആരുടെയും ഫയലുകളിൽ പർച്ചേസ് കമ്മിററിയുടെ സാക്ഷ്യപത്രം, വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് പ്രകാരം, മൃഗ സംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പാണ് ഈ പദ്ധതി മോണിറ്റർ ചെയ്യേണ്ടത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

2. ഓഡിറ്റിന്റെ ഭാഗമായി 27/10/23ന് രാവിലെ 11 മണിക്ക് വെറ്റിനറി സർജന്റെ സാനിദ്ധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരം താഴെ കൊടുക്കുന്നു. ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച താഴെപറയുന്ന വ്യക്തികളെ നേരിട്ട് സന്ദർശിക്കുകയുണ്ടായി.

ലൈസ എ.ആർ, ഇടശ്ശേരി, അച്ചൂർ, പൊഴുതന( വാർഡ് നം.11) , എന്ന ഗുണഭോക്താവിന്, രണ്ട് ആടുകൾക്കുള്ള സബ്സിസി ആണ് നൽകിയിരിക്കുന്നത്. കൂട്, രണ്ട് ആടുകൾ എന്നിവ പരിശോധനയിൽ കാണാൻ സാധിച്ചില്ല.

കദിയ തോട്ടത്തിൽ, അച്ചൂർ, പൊഴുതന (വാർഡ് നം.11), എന്ന ഗുണഭോക്താവിന്, രണ്ട് ആടുകൾക്കുള്ള സബ്സിസി ആണ് നൽകിയിരിക്കുന്നത്. കൂട്, രണ്ട് ആടുകൾ എന്നിവ പരിശോധനയിൽ കണ്ടില്ല.

ഷമീന, ചിറക്കൽ വീട്, പൊഴുതന പി.ഒ, (വാർഡ് നം.10), എന്ന ഗുണഭോക്താവിന്, രണ്ട് ആടുകൾക്കുള്ള സബ്സിസി ആണ് നൽകിയിരിക്കുന്നത്. കൂട്, രണ്ട് ആടുകൾ എന്നിവ പരിശോധനയിൽ കണ്ടില്ല. ഹാഷിഖ്, കാമ്പ്രത്ത് വീട്, മീഞ്ചാൽ എന്നയാളുടെ വീട്ടിലാണ് ഈ ആടുകൾ ഇപ്പോൾ ഉള്ളത് എന്നാണ് പറഞ്ഞത്. ഹാഷിഖ്, കാമ്പ്രത്ത് വീട്, മീഞ്ചാൽ എന്നയാളാണ് ഷമീനക്ക് ആടുകളെ വിറ്റിരിക്കുന്നത്. ഷമീനയുടെ ആടുകൾ, ഹാഷിഖ് കാമ്പ്രത്ത് എന്നയാളുടെ കൂട്ടിൽ ഉള്ളതായി കണ്ടു (Insurance Id No.10083563087 & 10083563098 ). ഷമീന, ചിറക്കൽ വീട് എന്നവരുടെ ഫയലിലുള്ള ഫോട്ടോ എടുത്തിരിക്കുന്നത് ഹാഷിഖിന്റ ആട്ടിൻകൂടിനുള്ളിൽ വെച്ചാണ്. ആ ഫോട്ടോയിൽ ആകെ നാല് ആടുകളുമുണ്ട്. പ്രസ്തുത രണ്ട് ആടുകളെ ഷമീന, വാങ്ങുകയോ വീട്ടിൽ കൊണ്ടു പോകുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാർ പ്രകാരം ചുരുങ്ങിയത് മൂന്ന് വർഷം ശരിയായ രീതിയിൽ സംരക്ഷിച്ച് വളർത്തിക്കൊള്ളാം എന്നും ഈ കാലയളവിൽ യാതൊരു കാരണവശാലും വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ഇല്ലെന്നും സത്യപ്രസ്താവന ചെയ്തിട്ടുണ്ട്. മേൽ കരാർ പ്രകാരം ആടിനെ വളർത്താതെ സബ്സിഡി തുക മാത്രം നൽകിയിരിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഷമീന, ചിറക്കൽ വീട് എന്ന ഗുണഭോക്താവിന് നൽകിയ സബ്സിഡി തുക(₹ 20,000.00) തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

3. അതു കൂടാതെ ഇൻഷ്വറൻസ് ടാഗ് ചെയ്ത (10079931881, 100799391323, 420044109435 , 122884, 20093 ) അഞ്ചുആടുകൾ കൂടി പരിശോധന നടത്തിയ വ്യക്തിയുടെ വീട്ടിൽ കാണുകയുണ്ടായി. എന്നാൽ ഈ അടുകൾ ഈ വിധം മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ച ഏതെങ്കിലും ഗുണഭോക്താവിന്റെതാണോ എന്നത് വ്യക്തമല്ല. ആയത്

പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

മുകളിൽ പറഞ്ഞതിൽ ക്രമ നം.1 & 2 എന്നീയിൽ പരാമർശിച്ചിട്ടുള്ള രണ്ട് ആടുകൾ, ഹാഷിഖിന്റെ ഭാര്യക്ക്(ശ്രീമതി.അഷ്ന.എ.കെ, കാന്ദ്രത്ത് വീട്) ഈ വർഷത്തെ പദ്ധതിയിൽ നൽകിയതാണ്. ശ്രീ. രാമസ്വാമി.വി.പി, കുറവൻതോട്, പൊഴുതന.പി.ഒ എന്ന ആളുടെ കയ്യിൽ നിന്നുമാണ് ഫയലിൽ രേഖപ്പെടുത്തിയത് പ്രകാരം ആടുകളെ വാങ്ങിയിരിക്കുന്നത്. എന്നാൽ, ആടുകളെ വാങ്ങിയത് സംബന്ധിച്ച ഗുണഭോക്താവിന്റെ ഫയലിലെ ഫോട്ടോ പ്രകാരം, മേൽ പരാമർശിച്ച ഹാഷിഖിന്റ ഫാമിനടുത്ത് വെച്ച് തന്നെയാണ് ഫോട്ടോ എടുത്തിരിക്കുന്നതായി കാണുന്നത്.

4. ഭരണ സമിതി (തീരുമാനം നം. 1/4/21.11.22) അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം അഷ്ന കെ കാന്ദ്രത്തിന്റെ (വാർഡ് 10) സ്കോർ 60 ഉം, സഫൂറ ഹാരിസ് മണ്ണിൽ (വാർഡ് 10) സ്കോർ 50 ഉം ഷമീന, ചിറക്കലിന്റെ (വാർഡ് 10) സ്കോർ 30 ഉം ആണ്. വാർഡ് 10 -ൽ മേൽ പറഞ്ഞ 3 പേർക്കും ആടിനെ ഈ വർഷം നൽകിയിട്ടുണ്ട്. എന്നാൽ, 90 മുതൽ 100 വരെ സ്കോർ ഉള്ള മറ്റ് വാർഡുകളിൽ (വാർഡ് 3 – 90 മുതൽ 100 സ്കോർ ഉള്ളവര് - 3, വാർഡ് 8 – 100 സ്കോർ ഉള്ളവര്- 3, വാർഡ് 12 – 100 സ്കോർ ഉള്ളവര്- 2, വാർഡ് 2 – 100 സ്കോർ ഉള്ളവര്- 1 ) ഒരാൾക്ക് പോലും ആടിനെ നൽകിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/22-23/30.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥലപരിശോധനയിൽ പരിശോധിച്ച മൂന്ന് ഗുണഭോക്താവിന്റെ വീടുകളിലും ആടിനെ കണ്ടിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥന്റെ യാതൊരു പരിശോധനയുമില്ലാതെ, ഗുണഭോക്താവിന് യഥാർത്ഥത്തിൽ ആടുകളെ കൈമാറി എന്ന് ഉറപ്പിക്കാതെ, ഗുണഭോക്താവിന് ആടിനെ ലഭിച്ചു എന്ന രസീതും ആടിനെ വിറ്റ ആളുടെ വില ചീട്ടും മാത്രം അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിയിൽ ധനസഹായം നൽകിയിട്ടുള്ളത്. വെറ്ററിനറി സർജ്ജൻ, പർച്ചേസിംഗ് കമ്മിറ്റി എന്നിവർ ആടുകളെ പരിശോധിക്കുകയോ, കണ്ട് ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല. ആനുകൂല്യത്തിന് അപേക്ഷിച്ച ഗുണഭോക്താവ് യഥാർത്ഥ കർഷകനാണോ എന്നോ,ഗുണഭോക്താവിന് ആടുകളെ വളർത്താനുള്ള ഭൗതീക സാഹചര്യങ്ങളുണ്ടോ എന്നും നിർവ്വഹണോദ്യാഗസ്ഥർ ഉൾപ്പെടെയുള്ളവർ പരിശോധിച്ചിട്ടില്ല എന്നത് വ്യക്തമാണ്.

വെറ്ററിനറി സർജ്ജനോ, വെറ്ററിനറി സർജ്ജൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനനോ ആടുകൾക്ക് സബ്സിഡി നൽകിയ ഗുണഭോക്താവിന്റെ വീടുകൾ സന്ദർശിക്കാതിരുന്നതിനാലാണ് സാക്ഷ്യപത്രം നൽകാതിരുന്നത്. സർക്കാർ നിർദ്ദേശം ലംഘിച്ച് ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്നത് പദ്ധതി പണം പാഴാകുന്നതിനും പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനും തടസ്സം സൃഷ്ടിക്കുമെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ആയതിനാൽ ആടുകളെ വിതരണം ചെയ്ത ഈ പ്രൊജക്ടിൽ ആനുകൂല്യം ലഭിച്ച എല്ലാ ഗുണഭോക്താകളെയും നേരിട്ട് പരിശോധിച്ച് മേൽ പദ്ധതിപ്രകാരം ലഭിച്ച ആടുകളെല്ലാം ഗുണഭോക്താവിന്റെ സംരക്ഷണത്തിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വീഴ്ച വരുത്തിയ ഗുണഭോക്താക്കളിൽ നിന്നും മേൽ പദ്ധതി പ്രകാരം കൈപ്പറ്റിയ സബ്സീഡി തുക പലിശ സഹിതം തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി -സബ്സിഡി തുക ക്രമീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0131/23 |
| പ്രൊജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹ 10,00,000.00<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് (₹) | ₹ 5,00,000.00(ബിൽ നം.16/22-23/22.03.23) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

കന്നുകുട്ടി പരിപാലനം എന്ന മേൽ പദ്ധതിയിലെ, 40 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ ₹ 5,00,000.00 (ഒരു ഗുണഭോക്താവിന് 12500/- ആണ് സബ്സിഡിയായി നൽകുന്നത്. ₹6,250 പഞ്ചായത്ത് വിഹിതവും ₹6,250 സംസ്ഥാന വിഹിതവും), അസി.പ്രോജക്ട് ഓഫീസർ RAIC(Regional Animal Insenination Centre) യുടെ ബാങ്ക് അക്കൗണ്ടിലേക്ക്(A/c No.00031, സബ് ട്രഷറി, നടവയൽ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1. വ്യക്തി ഗത നാൾവഴി രജിസ്റ്ററിൽ, തുടർച്ചയായി മൂന്ന് മാസത്തേക്ക് കന്നുകാലി തീറ്റ വാങ്ങാത്തതിനാൽ, ശ്രീ.കുര്യൻ കൊറണ്ടിയാർകുന്നേൽ, മൊതിരപ്പാറ, എന്ന ഗുണഭോക്താവിനെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.ആകെ, ₹ 1356.00 രൂപയാണ് കുര്യന് ഇതുവരെ കാലിത്തീറ്റ സബ്സിഡിയായി നൽകിയിരിക്കുന്നത്.ഗ്രാമ പഞ്ചായത്ത് ഒരു ഗുണഭോക്താവിന് ആയി അസി.പ്രോജക്ട് ഓഫീസർ RAIC – ക്ക് നൽകുന്ന തുക ₹ 12,500.00 ആണ്. അതിനാൽ, ശ്രീ.കുര്യൻ കൊറണ്ടിയാർകുന്നിന്റെ ബാക്കി സബ്സിഡി തുക ₹ 11,144.00 (12500 – 1356) RAIC ൽ നിന്നും തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

2.ഓരോ പദ്ധതി വർഷത്തിലും ഈയിനത്തിൽ ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ അളവ്, ഗുണനിലവാരം എന്നിവ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. ആനുകൂല്യത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ കൃത്യമായി ആനുകൂല്യം കൈപ്പറ്റി വരുന്നുണ്ടെന്ന് എൻറോൾമെന്റ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഈ പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് ഒടുക്കിയ തുകയുമായി ഒത്തു നോക്കി കൃത്യത ഉറപ്പു വരുത്തേണ്ടതുമാണ്. മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് തിരികെ ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണ്.

3. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) 115/22/ത.സ്വ.ഭ.വ, തീയതി 28-05-22) ഖണ്ഡിക 6.3.7 പ്രകാരം മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റാണ് പ്രോജക്ടിനായി ഉപയോഗിക്കേണ്ടത്. എന്നാൽ കന്നുകുട്ടി ജനന രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/22-23/30.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതൾ പരിഹരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 വെറ്ററിനറി സർജ്ജൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0054/23 |
| പ്രൊജക്ടിന്റെ പേര് | കുരങ്ങ് പനി നിയന്ത്രണം - മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 1,00,000.00<br>(MGNR) |
| ചെലവ് (₹) | ₹ 1,00,000.00(ബിൽ നം.4/22-23/06.10.22) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

മേൽ പദ്ധതിയിൽ കുരങ്ങ് പനി നിയന്ത്രിക്കുന്നതിന് ആവശ്യമായ മരുന്നുകൾ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.21) ഖണ്ഡിക 6.3.32 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ വെറ്ററിനറി മരുന്നുകൾ വാങ്ങാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/22-23/30.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. നടപടിക്രമം പാലിക്കേണ്ടതാണ്.

## 1-21 വാതിൽ പടി സേവനം- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0234/23 |
| പ്രൊജക്ടിന്റെ പേര് | വാതിൽ പടി സേവനം |
| അടങ്കൽ | ₹ 50,000.00<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് (₹) | ₹ 25,380.00<br>5080(BRN No.22180252024201422942/22-23/21.03.23)<br>20300(BRN No.22180252024201459909/22-23/24.03.23) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

മേൽ പദ്ധതിയിൽ, വാതിൽ പടി സേവനത്തിനുള്ള 40 വാളന്റിയർമാർക്ക് ID കാർഡ് നൽകിയിട്ടുണ്ട്. 20300 രൂപക്ക് Oxe Care Distributors, തോണിച്ചാലിൽ നിന്നും (ഇൻവോയിസ് നം.C1477/24.03.23) താഴെ പറയുന്ന സാധനങ്ങൾ

വാങ്ങിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക്(₹) |
|---|---|---|---|
| 1 | ഫസ്റ്റ് എയിഡ് കിറ്റ് | 15 എണ്ണം | 620 |
| 2 | മാസ്ക് | 500 എണ്ണം | 2 |
| 3 | ഗ്ലൗവ്സ് | 20 Box | 270 |
| 4 | ഹാൻഡ് വാഷ് | 4 എണ്ണം | 220 |
| 5 | സാനിറ്റൈസർ 5 L (Pink) | 2 | 700 |
| 6 | സാനിറ്റൈസർ 5 L (Blue) | 2 | 1200 |

പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022) ഖണ്ഡിക 2.3.15 പ്രകാരം, തദ്ദേശഭരണ സ്ഥാപനങ്ങളിലെ അർഹരായ എല്ലാവർക്കും പ്രധാനപ്പെട്ട സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടി കൂടുതൽ സന്നദ്ധ പ്രവർത്തകരെ അണിനിരത്തി കാര്യക്ഷമമായും വ്യാപകമായും നടത്തണം. ജീവൻ രക്ഷ മരുന്നുകൾ, റേഷൻ സാധനങ്ങൾ, പെൻഷനുകൾ തുടങ്ങി തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന സേവനങ്ങൾ വീട്ട് പടിക്കൽ എത്തിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കണം എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. വാതിൽപ്പടി സേവനം പദ്ധതി മാർഗ്ഗരേഖ (സ.ഉ. (സാധാ) നം.1821/2021/തസ്വഭവ തീയതി 22.09.2021) പ്രകാരം, ജീവൻ രക്ഷ മരുന്നുകൾ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതല പാലിയേറ്റീവ് പ്രോജക്ട് മാനദണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മരുന്ന് വാങ്ങൽ നടപടി ക്രമം പിൻതുടരേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. അപ്രകാരം വാങ്ങുന്ന മരുന്നുകൾ വാതിൽ പടി സേവനം വഴി അർഹരായ ഗുണഭോക്താക്കൾക്ക് വീടുകളിൽ എത്തിച്ച് നൽകേണ്ടതാണ്. എന്നാൽ, മേൽ പട്ടികയിൽ പറയുന്ന സാധനങ്ങൾ ഉൾപ്പെടുന്ന ഫസ്റ്റ് എയിഡ് കിറ്റ് വാങ്ങിച്ച് വാർഡ് മെമ്പർമാർക്ക് നൽകുകയാണ് പ്രോജക്ടിൽ ചെയ്തിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 10 ഫസ്റ്റ് എയിഡ് കിറ്റും, 333മാസ്കും 10 ബോക്സ് ഗ്ലൗസും ആണ് വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്തിരിക്കുന്നത്. വാർഡ് മെമ്പർമാർ പ്രസ്തുത സാധനങ്ങൾ വാതിൽപടിസേവനത്തിന്റെ ഭാഗമായി അർഹരായ ഗുണഭോക്താകൾക്ക് ലഭ്യമാക്കിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ഫയലിൽ ഇല്ല. 5 ഫസ്റ്റ് എയിഡ് കിറ്റും, 166മാസ്കും 10 ബോക്സ് ഗ്ലൗസും ഹാൻഡ് വാഷ് 4 എണ്ണം സാനിറ്റൈസർ 5 L (Pink) 2 എണ്ണം സാനിറ്റൈസർ 5 L (Blue) 2 എണ്ണം എന്നിവ വിതരണം ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/22-23/31.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-22 കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണം- അസി.എഞ്ചിനിയർ

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളുടെ ഭാഗമായും പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായും ജലസേചന കുടിവെള്ളപ്രൊജക്ടുകൾ ഓരോ പദ്ധതി വർഷത്തിലും അംഗീകാരം ലഭിച്ച് ഫണ്ട് വകയിരുത്തി ടെണ്ടർ നടപടികളിലൂടെ കരാറുകാർക്ക് ഏൽപ്പിച്ചു കൊടുക്കുന്നുണ്ട്. എന്നാൽ വൈദ്യുതീകരണത്തിന്റെ അഭാവം, പദ്ധതി സ്ഥലം വിട്ടുകിട്ടാത്തത് തുടങ്ങിയ പലവിധ കാരണങ്ങളാൽ പ്രൊജക്ട് യഥാ സമയം പൂർത്തിയാക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഇതു മൂലം പദ്ധതി ലക്ഷ്യം ആർജ്ജിക്കുന്നതിനും പൊതു ജനങ്ങൾക്ക് കുടിവെള്ളം യഥാസമയം ലഭികാത്തതിനും കാരണമാവുന്നു. എന്നാൽ പ്രൊജക്ട് പൂർത്തികരണത്തിലുണ്ടാവുന്ന തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണോദ്യാഗസ്ഥനെപ്പൊലെ തന്നെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും , സ്റ്റാന്റിംഗ് കമ്മറ്റികൾക്കും സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. എന്നാൽ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാവുന്നില്ല എന്നതാണ് പദ്ധതി നടത്തിപ്പിലെ കാലതാമസം വ്യക്തമാക്കുന്നത്. ഗ്രാമപഞ്ചായത്ത് 2022-23 ൽ അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | പ്രൊജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 67/23 | ആലക്കണ്ടികോളനി കുടിവെള്ളപദ്ധതി | 3,00,000 | 2,45,793 |
| 2 | 77/23 | തട്ടാൻമൂല കുടിവെള്ള പദ്ധതി | 1,00,000 | 92015 |
| 3 | 76/23 | കമ്മാടം കുന്ന് കുടിവെള്ളപദ്ധതി | 1,00,000 | 97062 |
| 4 | 98/23 | ഹസ്സൻകുട്ടി കുന്ന് കുടിവെള്ള പദ്ധതി | 1,50,000 | 1,07,698 |
| 5 | 34/23 | പൊഴുതന ടൗൺ കുടിവെള്ള പദ്ധതി | 2,00,000 | 1,93,865 |
| 6 | 83/23 | അമ്പതേക്കർ-മൈനക്കൊല്ലി കുടിവെള്ള പദ്ധതി | 3,50,000 | 2,81,776 |
| 7 | 157 /23 | വയൽ കുന്ന് കോളനി കുടിവെള്ള പദ്ധതി | 4,00,000 | Nil |
| 8 | 64/23 | EMS കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 2,00,000 | Nil |
| 9 | 78/23 | അത്തിമൂല കമ്മ്യൂണിറ്റി ഹാൾ കുന്ന് കുടിവെള്ള പദ്ധതി നവീകരണം | 75000 | Nil |
| 10 | 84/23 | പാറകുന്ന് കുടിവെള്ള പദ്ധതി | 3,50,000 | Nil |
| 11 | 25/23 | പൊതു സ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതി നവീകരണം | 2,00,000 | Nil |
| 12 | 26/23 | കമ്മാടം കുന്ന് ജലസേചനപദ്ധതി | 2,00,000 | Nil |
| 13 | 28/23 | ആനോത്ത് അംഗൻവാടി കുടിവെള്ള പദ്ധതി | 5,12,907 | Nil |

2022-23 ൽ ഫണ്ട് വകയിരുത്തിയ 7 കുടിവെള്ള പ്രൊജക്ടുകൾക്ക് തന്‍ വർഷത്തിൽ ചെലവുകളൊന്നുമുണ്ടായിട്ടില്ല. മേൽ ചേർത്ത പട്ടികയിലെ കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയതിന് ( നമ്പർ-14/2022- 2023 തീയതി : 25/10/2023 ) ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ പട്ടികയിലെ ഒന്ന് മുതൽ ആറ് വരെ ക്രമനംബറുകളിലെ കുടിവെള്ള പദ്ധതികൾ പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. ക്രമ നംബർ 7 ലെ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ പ്രവൃത്തി ഇതിനോടകംപൂർത്തികരിച്ചിട്ടുണ്ട്.എന്നാൽ വൈദ്യുതി കണക്ഷൻ ലഭിചിട്ടില്ലാത്തതിനാൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ക്രമ നംബർ 8 ൽ പരാമർശിച്ച കുടിവെള്ള പദ്ധതിയിലെ കിണർ നിർമ്മാണം പൂർത്തിയായിട്ടില്ല. ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 4 മീറ്റർ ആഴത്തിൽ കിണർ നിർമ്മിക്കുന്നതിനുള്ള ഫിസിബിലിറ്റി നൽകിയെങ്കിലും ഈ പ്രദേശത്തുള്ള കിണറിന്റെ ശരാശരി ആഴം 9 മീറ്ററാണ് എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ റിവൈസ്ഡ് ഫിസിബിലിറ്റി ലഭ്യമാക്കിയെങ്കിലും അടങ്കൽ തുകയുടെ അപര്യാപ്തത കാരണം കിണർ നിർമ്മാണം ആരംഭിക്കാൻ സാധിചിട്ടില്ല. ക്രമനംബർ 9,10. 13 എന്നിവയിലെ കുടിവെള്ള പദ്ധതികൾക്കുള്ള ടെണ്ടർ കഴിഞ്ഞു കരാറുകാരനുമായി എഗ്രിമെന്റെ വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിചിട്ടില്ല. ക്രം നംബർ 11 ലെ കുടിവെള്ള പദ്ധതിയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല. ക്രമ നംബർ 12 ൽ പരാമർശിച്ച കുടിവെള്ള പദ്ധതിയുടെ സിവിൽ വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നാൽ ത്രീ ഫേസ് കണക്ഷൻ ലഭിചിട്ടില്ല. എന്ന റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ പ്രസ്താവിച്ച വിവിധ കാരണങ്ങളാൽ തടസ്സപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മറ്റിയും കുടിവെള്ള പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കി പദ്ധതി ലക്ഷ്യം ആർജ്ജിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-23 വനിതകൾക്ക് കറവ പശു വിതരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0132/23 |
| **പ്രൊജക്ടിന്റെ പേര്** | വനിതകൾക്ക് കറവ പശു വിതരണം |
| **അടങ്കൽ** | ₹ 14,00,000.00 (വികസന ഫണ്ട് ജനറൽ)<br>₹ 14,00,000.00 (ഗുണഭോക്തൃ വിഹിതം)<br>ആകെ തുക- ₹ 28,00,000.00 |
| **ചെലവ് (₹)** | ₹ 18,00,000.00(900000 – വികസന ഫണ്ട്, 900000 – ഗു.വി) |
| | 240000(ബിൽ നം.3/22-23/11.01.23) |
| | 240000(ബിൽ നം.6/22-23/17.02.23) |
| | 150000(ബിൽ നം.13/22-23/20.03.23) |
| | 270000(ബിൽ നം.22/22-23/31.03.23) |
| | 240000(ചെക്ക് നം.18939/19.01.23) |
| | 240000(ചെക്ക് നം.18951/27.02.23) |

| | |
|---|---|
| | 150000(ചെക്ക് നം.18965/28.03.23) |
| | 270000(ചെക്ക് നം.18952/02.03.23) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും വനിതകളുടെ ക്ഷേമം ഉദ്ദേശിച്ചും തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് ₹30,000 സബ്സിഡി നൽകി ഒരു കറവ പശുവിനെ നൽകുന്നു. ഈ പ്രൊജക്ടിൽ 30 ഗുണഭോക്താക്കൾക്കാണ് 2022-23 വർഷം ഈയിനത്തിൽ സബ്സിഡി നൽകിയിരിക്കുന്നത്. മേൽ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ)നം.115/2022 തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 6.3.1 പ്രകാരം യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ അഞ്ച് പേരെ കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. 60000 രൂപ വിലയുള്ള കറവ പശുവിനെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങാൻ പർച്ചേസ് കമ്മിറ്റി 01/03/23- ന് തീരുമാനിച്ചിട്ടുണ്ട്. അഞ്ച് ഗുണഭോക്താക്കളെ കമ്മിറ്റിയിൽ അംഗങ്ങൾ ആക്കി നിശ്ചയിച്ചിട്ടില്ല. ഗുണഭോക്താക്കൾ നേരിട്ട് കറവ പശുവിനെ വാങ്ങുകയും കറവ പശുവിനെ വിറ്റ ആളുടെ അക്കൗണ്ടിലേക്ക് സബ്സിഡി നൽകുകയുമാണ് ചെയ്തിരിക്കുന്നത്. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, 30 ഗുണഭോക്താക്കളുടെയും ഫയലുകൾ പരിശോധിച്ചതിൽ നിന്നും ആരുടെയും ഫയലുകളിൽ പർച്ചേസ് കമ്മിററിയുടെ സാക്ഷ്യപത്രം, വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റ് എന്നിവ വെച്ചിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് പ്രകാരം, മൃഗ സംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി മോണിറ്റർ ചെയ്യേണ്ടത്. എന്നാൽ, മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

2. ഓഡിറ്റിന്റെ ഭാഗമായി 27/10/23ന് രാവിലെ 11 മണിക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ സാനിദ്ധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരം താഴെ കൊടുക്കുന്നു.

പാത്തുമ്മ, തോട്ടുങ്ങൽ, ആനോത്ത്, പൊഴുതന (വാർഡ് നം.5) എന്ന ഗുണഭോക്താവിന് ഒരു കറവ പശുവിനുള്ള സബ്സിസി ആണ് നൽകിയിരിക്കുന്നത്. തൊഴുത്ത് ഉണ്ട്. കറവ പശുവിനെ പരിശോധനയിൽ കണ്ടില്ല.

അലീമ, മുണ്ടിൽ വീട്, പൊഴുതന (വാർഡ് നം.11) എന്ന ഗുണഭോക്താവിന്, ഒരു കറവ പശുവിനുള്ള സബ്സിസി ആണ് നൽകിയിരിക്കുന്നത്. തൊഴുത്ത് ഉണ്ട്. ഇൻഷ്വറൻസ് ടാഗ് ചെയ്ത കറവ പശുവിനെ പരിശോധനയിൽ കാണുകയുണ്ടായി.

ആയിഷ കെ.റ്റി, കുണ്ടിൽ തൊടിയിൽ വീട്, അച്ചൂരാനം പി.ഒ, പൊഴുതന (വാർഡ് നം.11) എന്ന ഗുണഭോക്താവിന്, ഒരു കറവ പശുവിനുള്ള സബ്സിസി ആണ് നൽകിയിരിക്കുന്നത്. തൊഴുത്ത് ഉണ്ട്. എന്നാൽ കറവ പശുവിനെ പരിശോധനയിൽ കാണുകയുണ്ടായില്ല. മേൽ പ്രൊജക്ടിലെ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/22-23/30.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനയില്ലാതെയും, യഥാർത്ഥത്തിൽ പശുവിനെ ഗുണഭോക്താവിന് കൈമാറി എന്ന് ഉറപ്പിക്കാതെയും, ഗുണഭോക്താവിന്റെ കറവ പശുവിനെ ലഭിച്ചു എന്ന രസീതും പശുവിനെ വിറ്റ ആളുടെ വില ചീട്ടും മാത്രം അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പലാക്കിയിരിക്കുന്നത്. വെറ്ററിനറി സർജ്ജൻ, പർച്ചേസിംഗ് കമ്മിറ്റി എന്നിവർ കറവ പശുക്കളെ പരിശോധിക്കുകയോ, കണ്ട് ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല. വെറ്ററിനറി സർജ്ജനോ, വെറ്ററിനറി സർജ്ജൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ കറവ പശുവിന് സബ്സിഡി നൽകിയ ഗുണഭോക്താവിന്റെ വീടുകൾ സന്ദർശിക്കാതിരുന്നതിനാലാണ് സാക്ഷ്യപത്രം നൽകാതിരുന്നത്. സർക്കാർ നിർദ്ദേശം ലംഘിച്ച് ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്നത് പദ്ധതി പണം പാഴാകുന്നതിനും പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനും തടസ്സം സൃഷ്ടിക്കുമെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ആയതിനാൽ ഈ പ്രൊജക്ടിൽ കറവ പശുക്കൾക്ക് ആനുകൂല്യം ലഭിച്ച 30 ഗുണഭോക്താകളെയും നേരിട്ട് പരിശോധിച്ച് ഗുണഭോക്താക്കളെല്ലാം പദ്ധതി ആനുകൂല്യം ഉപയോഗിച്ച് വാങ്ങിയിട്ടുള്ള പശുക്കളെ വളർത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും, ആനുകൂല്യം കൈപ്പറ്റിയവരിൽ പശുക്കളെ കണ്ടെത്താൻ സാധികാത്ത ഗുണഭോക്താക്കളിൽ നിന്നും ആനുകൂല്യമായി ലഭിച്ച തുക പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതിയുടെ വിശദമായ മോണിറ്റിംഗ് റിപ്പോർട്ടും, ഓഡിറ്റ് മേൽ ചൂണ്ടികാട്ടിയ വിഷയങ്ങൾക്കുള്ള മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-24 ആദിവാസി തുടർ സാക്ഷരത - പ്രേരക്മാർക്ക് ഹോണറോറിയം - മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

ആദിവാസി തുടർ സാക്ഷരത എന്ന പേരിൽ ഹെഡ് മിസ്റ്റസ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നം. എസ്.0174/23). പ്രോജക്ടിന്റെ അടങ്കൽ ₹2,50,000 രൂപ(ടി.എസ്.പി), ആകെ ചെലവ് ₹2,47,080/-രൂപയുമാണ്.

ഇതിൽ ₹1,44,000/- പ്രേരക്മാർക്ക് ഹോണറേറിയം നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്.പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 84/2022/തസ്വഭവ 19.04.2022) ഖണ്ഡിക 8.6 (17) അനുസരിച്ച് സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരത മിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി ഹോണറേറിയം നൽകാൻ വ്യവസ്ഥചെയ്തിട്ടില്ല. എന്നാൽ മേൽ പ്രൊജക്ടിൽ ഹോണറേറിയം നൽകുന്നതിന് തുക ചെലവഴിച്ചതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/2022-23, 31.10.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ചെലവ് തുക ₹2,47,080 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

സെക്രട്ടറിയുടെ താഴെ പറയുന്ന പ്രോജക്ട് പ്രകാരം ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | വാങ്ങിയ ഫർണിച്ചർ/ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ | ചെലവ് തുക | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|
| എസ്. 0056/23, ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ അടങ്കൽ-₹2,39,000 | റിവോൾവിംഗ് ചെയർ എണ്ണം -6, ചെയർ കുഷ്യൻ ടൈപ്പ് എണ്ണം - 8 | ₹1,08,900/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | XVFC/2022-23/41, 17.03.2023 |

മേൽ പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളുടെ സ്റ്റോക്ക്/ആസ്തി രേഖപ്പെടുത്തൽ പരിശോധനയ്ക്കായി സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക നമ്പർ 12.22 അനുസരിച്ച് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പർച്ചേസ് ബില്ലുകളിൽ അപ്രകാരം സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കൾ 150(b) അനുസരിച്ച് കെ.എഫ്.സി. ഫോം 18 ഫർണിച്ചറിന്റെയും മറ്റ് സ്റ്റോർസിന്റെയും സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. മേൽ പറഞ്ഞതിന് പുറമേ പ്രസ്തുത ഫർണിച്ചർ വാങ്ങുന്നതിന് ചെലവഴിച്ച തുക വാർഷിക കണക്കുകളിൽ ആസ്തി ആർജ്ജിക്കാൻ ചെലവഴിച്ച തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ- 30/22-23, 31.10.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്/ആസ്തി രജിസ്റ്റർ സൂക്ഷിക്കാത്തതിനും ജംഗമ വസ്തുക്കളുടെ ആസ്തികളുടെ ചെലവ് തുക വാർഷിക കണക്കുകളിൽ ആസ്തി ആർജ്ജിക്കാൻ ചെലവഴിച്ച തുകയിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 കണ്ടിജൻസി ചെലവ് കണക്കുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

ആയുർവേദ ആശുപത്രി കണ്ടിജൻസി ചെലവുകൾക്കായി ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (എസ്.0136/23, സംരക്ഷണ ഗ്രാന്റ് റോഡിതരം). അടങ്കൽ-₹25,000/- ആകെ ചെലവ് ₹25,000/- .

| ക്രമ നമ്പർ | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|
| 1 | ₹5,000/- | 02/22-23, 22.10.2022 |
| 2 | ₹2,080/- | 03/22-23, 22.10.2022 |
| 3 | ₹1,400/- | 04/22-23, 22.10.2022 |
| 4 | ₹5,000/- | 06/22-23, 24.10.2022 |
| 5 | ₹4,410/- | 08/22-23, 08.03.2023 |
| 6 | ₹2,868/- | 09/22-23, 27.03.2023 |
| 7 | ₹2,652/- | 10/22-23, 27.03.2023 |
| 8 | ₹1,590/- | 11/22-23, 27.03.2023 |
| ആകെ തുക | ₹25,000/- | |

പ്രസ്തുത ചെലവിന്റെ വരവുചെലവുകൾ എച്ച്.എം.സി. -യുടെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. 2010 – ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 6 അനുസരിച്ച് പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാകുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ ഉൾപ്പെടുന്നതാണ്.ആശുപത്രി വികസന ഫണ്ടിൽ പര്യാപ്തമായ തുകയില്ലാതെ വരുമ്പോളാണ് പഞ്ചായത്തിൽ നിന്നു ഫണ്ട് അനുവദിക്കേണ്ടി വരുന്നത്. കണ്ടിജൻസി ചെലവുകണക്കുകൾ രണ്ടായി സൂക്ഷിക്കുന്നതിനാൽ ചെലവുകളുടെ ഇരട്ടിപ്പുണ്ടാകുവാനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് എൻക്വയറി നം. 25/22-23, 31.10.2023 മറുപടി ലഭ്യമാക്കിയിട്ടില്ല. കണ്ടിജൻസി ചെലവുകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുക ആശുപത്രി വികസന ഫണ്ടിൽ നിക്ഷേപിക്കാതെ നേരിട്ട് ചെലവ് നടത്തിയതിന് വിശദീകരണം ലാഭ്യമാക്കേണ്ടതാണ്.

## 1-27 സമഗ്ര ഭവന പദ്ധതി ലോൺ – കണക്കുകൾ ലഭ്യമല്ല.

സമഗ്ര ഭവന പദ്ധതി ലോൺ മുതൽ, പലിശ എന്നിവ ഒടുക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ടുകൾ രൂപികരിച്ചിട്ടുണ്ട്. ആയതിൽ മുതൽ ഒടുക്കുന്നതിനുള്ള പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ നമ്പർ, തീയതി |
|---|---|---|---|
| എസ്0115/23, സമ്പൂർണ ഭവന പദ്ധതി - വായ്പ തിരിച്ചടവ്. | ₹43,17,600/- (പൊതു വിഭാഗം വികസന ഫണ്ട്) | ₹18,70,600/- | 13/22-23, 29.09.2022 |
| | | ₹8,00,000/- | 47/22-23, 23.03.2023 |
| | | ₹8,47,000/- | 49/22-23, 31.03.2023 |
| | | ₹35,17,600/- | |

പലിശ ഒടുക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ട് നമ്പർ എസ്.0120/23 സമ്പൂർണ്ണ ഭവന പദ്ധതി - വായ്പ പലിശ തിരിച്ചടവ് എന്ന പ്രോജക്ട് (അടങ്കൽ ₹10,00,000/- തനത് ഫണ്ട്) നടപ്പിലാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ, ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 28/2022-23, 31.10.2023 – ന് മറുപടി ലഭ്യമാക്കേണ്ടതാണ്.സമ്പൂർണ്ണ ഭവന പദ്ധതി - വായ്പ പലിശ തിരിച്ചടയ്ക്കാത്തതിനും രേഖകൾ സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 മരുന്നു വാങ്ങൽ – സ്റ്റോക്ക് യഥാവിധം സൂക്ഷിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ നം. (കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022) കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്യുവരുന്ന മരുന്നുകൾ അപാര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

മെഡിക്കൽ ഓഫീസർ (ആയുർവേദം) തൻവർഷം താഴെ പറയുന്ന മൂന്ന് പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ, ഫണ്ട് | ആകെ ചെലവ് | ബിൽ നമ്പർ, തീയതി | മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | എസ്0019/23, ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ. | ₹8,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) | ₹8,00,000/- | 01/22-23, 15.09.2022 | ₹8,00,000/- |
| 2 | എസ്0150/23, പട്ടിക വർഗ്ഗ വനിതകളുടെ ആരോഗ്യ സംരക്ഷണം | ₹3,00,000/- (വികസന ഫണ്ട് - ടി.എസ്.പി.) | ₹2,75,000/- | 05/22-23, 24.11.22 | ₹3,00,000/- |
| | | | ₹5900/- | 12/22-23, 27.03.202 | |

| | | | | | |
|---|---|---|---|---|---|
| | | | ₹1794/- | 13/22-23, 27.03.202 | |
| | | | ₹17306/- | 16/22-23, 27.03.202 | |
| 3 | എസ്0149/23, ജനനി സുരക്ഷ | ₹2,00,000/-(റോഡിതര സംരക്ഷണ ഗ്രാന്റ്) | ₹1,90,000/- | 06/22-23, 24.11.2022 | ₹2,00,000/- |
| | | | ₹840/- | 14/22-23, 27.03.2023 | |
| | | | ₹9160/- | 15/22-23, 27.03.2023 | |
| | ആകെ ചെലവ് | ₹13,00,000/- | ₹13,00,000/- | | ₹13,00,000/- |

മേൽ പ്രോജക്ടുകൾ പ്രകാരം ആകെ തുകയിൽ മുഴുവൻ തുകയും മരുന്ന് വാങ്ങലിനാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ആദ്യത്തെ പ്രോജക്റ്റ് ഒഴികെയുള്ളവ ഒന്നും ആരോഗ്യസ്ഥാപനത്തിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനുള്ളതല്ല. പ്രസ്തുത മരുന്നുകൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളിലാണ് (Project Wise) രേഖപ്പെടുത്തിയിട്ടുള്ളത്. വകുപ്പ് തലത്തിൽ ലഭിക്കുന്ന മരുന്നുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ്ഥപനത്തിന്റെ പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താതെ പ്രോജക്ടുകൾക്കനുസരിച്ച് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ക്രമ വിരുദ്ധമാണ്.ഓഡിറ്റ് എൻക്വയറി നം. 26/22-23, 31.10.2023 – ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ സ്ഥപനത്തിന് ലഭിച്ച മരുന്നുകൾ സ്ഥാപനത്തിന്റെ പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ പ്രോജക്ട് അടിസ്ഥാനത്തിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ആരോഗ്യസ്ഥാപനത്തിലേക്ക പർച്ചേസ് ചെയ്ത് എല്ലാമരുന്നുകളും പൊതുവായ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 എസ്.എസ്.കെ. വിഹിതം നൽകൽ

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം സമഗ്ര ശിക്ഷാ കേരള പദ്ധതിക്കായി 2022-23 വർഷത്തിൽ സെക്രട്ടറി പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്.

1. എസ്.എസ്.കെ. വിഹിതം നൽകൽ (ജനറൽ)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0114/23 |
| അടങ്കൽ | ₹3,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് (തുക & ബിൽ നമ്പര്) | ₹3,00,000/-, 10/29.09.2022 |

2. എസ്.എസ്.കെ. വിഹിതം നൽകൽ (എസ്.സി.പി.)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0116/23 |
| അടങ്കൽ | ₹6,00,000/- (വികസന ഫണ്ട്-എസ്.സി.പി.) |
| ചെലവ് (തുക & ബിൽ നമ്പർ) | ₹6,00,000/-, 11/29.09.2023 |

3. എസ്.എസ്.കെ. വിഹിതം നൽകൽ (ടി.എസ്.പി.)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0117/23 |
| അടങ്കൽ | ₹3,00,000/- (വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് (തുക & ബിൽ നമ്പർ) | ₹3,00,000/-, 09/29.10.2023 |

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് (സ.ഉ.(കൈ) നം. 84/2022/തസ്വഭവ, തീയതി 19/04/2022) പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുപാതിക തുകയാണ് പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപപദ്ധതിവിഹിതത്തിൽ നിന്നും വഹിക്കാവുന്നത്. ഗ്രാമപഞ്ചായത്തിലെ ജന സംഖ്യ അനുപാത പ്രകാരം എണ്ണത്തിനനുപാതികമായല്ല തുക നൽകിയതെന്ന് കാണുന്നു.

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക നം. 8.6(3) പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തികരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക നം. 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ. പ്രോജക്ടിനു നൽകുന്ന തുകയുടെ

വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്തു നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷ കേരളത്തിൽ നിന്നും കൃത്യമായി നൽകണം.

സമഗ്ര ശിക്ഷാ കേരളം വയനാട് ജില്ലാ കോ-ഓർഡിനേറ്ററുടെ 21.07.2023 -ലെ എ/269/2023/എസ്.എസ്.കെ. നമ്പർ പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ലഭ്യമാക്കിയ ചെലവ് പ്രത്രിക അനുസരിച്ച് ആകെ 19 ഇനങ്ങളിലായി ₹26,25,906/- ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്റ്റുകൾ പ്രകാരം എസ്.എസ്.കെ. യിൽ ഒടുക്കിയ ആകെ തുക ₹12,00,000/- ആണ്. എസ്.എസ്.കെ. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ തുക ₹26,25,906/- ആയതിനാൽ ആയതിന്റെ 40% ആതായത് ₹10,50,362/- ആണ് ഗ്രാമപഞ്ചായത്ത് വിഹിതമായി ഒടുക്കേണ്ടിയിരുന്നത്. അധികമായി ഒടുക്കിയ ₹1,49,638 രൂപ എസ്.എസ്.കെ യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. തുക ലഭ്യമാക്കാത്ത പക്ഷം തുടർ വർഷങ്ങളിൽ നൽകേണ്ടുന്ന എസ്.എസ്.കെ വിഹിതത്തിൽ കുറവ് വരുത്തി മാത്രം ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 29/22-23, 31.10.2023 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതു/പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം ലഭ്യമാക്കേണ്ടതും അവരുടെ എണ്ണത്തിന് അനുപാതികമല്ലാതെ എസ്.എസ്.കെ. വിഹിതം നൽതകിയതിനും അധിക തുക ഒടുക്കിയതിനും വിശദീകരണം ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു. പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ കൃത്യമായ വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്തുതല എജ്യൂക്കേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവയും ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു.

## 1-30 ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹരായവർക്ക് ധനസഹായം നൽകേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരാണർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരാണർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വൈത്തിരി സർവ്വീസ് സഹകരണബാങ്ക് അക്കൗണ്ട് നം. 4750 പ്രകാരം ദുരിതാശ്വാസ നിധി അക്കൗണ്ടിൽ ₹1,59,528 രൂപ നിക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ദുരിതാശ്വാസ നിധിയിനത്തിൽ ചെലവുകളൊന്നും ചെയ്തതായി കാണുന്നില്ല. ഈയിനത്തിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്നും, ദുരിതാശ്വാസ നിധിയിലേക്ക് ഓഡിറ്റ് വർഷത്തിൽ സംഭാവന ലഭിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 19 /2022- 2023 തീയതി :25/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ദുരിതാശ്വാസ നിധി രൂപീകരിച്ച് അതിൽ നിന്നും അർഹരായവർക്ക് ധനസഹായം നൽകേണ്ടതാണ്. ഈ വിധം ഒരു സഹായ നിധി ഗ്രാമപഞ്ചായത്തിലുള്ളതായി പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിനായി ഗ്രാമസഭമുഖേന മുഖേന വിവരം നൽകേണ്ടതാണ്. മേൽ ചട്ടത്തിലെ സെക്ഷൻ 5 ൽ നിർദ്ദേശിച്ച വിധം ഈ നിധിയിൽ നിന്നുള്ള വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്, ധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകൾ, അനുവദിക്കപ്പെടുന്ന ധനസഹായം എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്ററും ചട്ടം 4 (3) ൽ പരാമർശിച്ച വിധത്തിലുള്ള സബ്ബ്കമ്മറ്റി മിനുട്സും തയ്യാറാക്കി സുക്ഷിക്കേണ്ടതാണ്. ഈ നിധിയിലേക്കു ലഭിക്കുന്ന തുക പിരിച്ചെടുക്കുന്നതിനായുള്ള രസീതു ബുക്കുകൾ, ബാങ്ക് പാസ്സ് ബുക്കുകൾ, രജിസ്റ്ററുകൾ, അപേക്ഷകൾ, അന്വേഷണറിപ്പോർട്ട് എന്നിവ സെക്രട്ടറി യുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയൊ കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതും മേൽ ചട്ടം 6 (2) ൽ നിർദ്ദേശിച്ച വിധം ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. മേൽ

പ്രവർത്തനങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-31 യൂക്കാലികുന്ന് അനധികൃത നിർമ്മാണം- നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫയൽ നംബർ -401015 /BAUVO2 /General /2023 /2670 Dt 10 / 4/2023.

പൊഴുതന ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ പൊഴുതന വില്ലേജ് സർവ്വെ നംബർ 195ൽ പ്പെട്ട യൂക്കാലികുന്ന് എന്ന പ്രദേശത്ത് നാൽപതോളം വില്ലകൾ അനധികൃതമായി നിർമ്മിച്ചത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ പരിശോധന നടത്തി കെട്ടിട ഉടകൾക്കെതിരെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം, ചട്ടം-26, ചട്ടം 31 (Xii), വയനാട് ജില്ലാ കലക്ടറുടെ 08-05-2015 ലെ L9 /5369 /2013 നംബർ സർകുലർ, വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 28-08-2018 തീയതിയിലെ DCWYD- 10924 /18 DEOCI സർകുലർ എന്നിവയിലെ നിർദ്ദേശങ്ങളുടെ ലംഘനം ചൂണ്ടികാട്ടി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 (W) 2 വകുപ്പ് അനുസരിച്ച് നോട്ടീസ് നൽകുകയുണ്ടായി. ഗ്രാമപഞ്ചായത്ത് അധികൃതർ 12-4-2023 തീയതിയിൽ അസി.എഞ്ചിനിയർ, ജൂനിയർ സൂപ്രണ്ട്,ഓവർസിയർ, സീനിയർ ക്ലർക്ക് എന്നിവരടങ്ങിയ ഉദ്യോഗസ്ഥ സംഘം സ്ഥല പരിശോധന നടത്തുകയും സ്ഥല പരിശോധനാ മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥലപരിശോധനാ മഹസ്സറിൽ യൂക്കാലികുന്ന് പ്രദേശത്തെ മൂന്നു സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം നടക്കുന്നതായും, നിർമ്മാണം പൂർത്തീകരിച്ചതും, നടന്നുവരുന്നതുമായ 42 കെട്ടിടങ്ങൾ പ്രസ്തുത സ്ഥലത്തുണ്ടെന്നും . ഇതിൽ 5 കെട്ടിടങ്ങൾ അനുമതിയോടെ നിർമ്മിച്ച് കെട്ടിട നംബർ ലഭിച്ചതാണെന്നും, ബാക്കി കെട്ടിടങ്ങൾ അനധികൃത നിർമ്മാണമാണെന്നും കണ്ടെത്തിയിട്ടുണ്ട്. സമുദ്ര നിരപ്പിൽ നിന്നും Lattitude -11.588356 Longitude – 76.02100 ഉയരത്തിൽ സ്ഥിതിചെയ്യുന്നതും, ഒരു ഭാഗം ചെങ്കുത്തായ താഴ്വരയായുള്ളതാണ് ഈ നിർമ്മാണ സ്ഥലമെന്നും. ഈ ചെങ്കുത്തായ ഭാഗത്ത് കോൺഗ്രീറ്റ് തൂണുകൾ നിർമ്മിച്ചാണ് കെട്ടിടം പണിതിട്ടുള്ളത് എന്നും, കെട്ടിടത്തിന്റെ ഉയരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ച പ്രകാരമുള്ളതിൽ അധികരിച്ചിട്ടുള്ളതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 3131.49 സ്വ.മീറ്ററും ഭാഗികമായി നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം 519.71 സ്വയർ മീറ്ററുമാണ്. ഈ നിർമ്മാണം നടന്ന സ്ഥലം ഉരുൾപ്പൊട്ടൽ സാധ്യതയുള്ളതിനാൽ കുടുംബങ്ങളെ മാറ്റി പാർപ്പിച്ച സ്ഥലത്തോട് ചേർന്ന പ്രദേശമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

അനധികൃത കെട്ടിടങ്ങളുടെ വിസ്തീർണ്ണം പരിശോധിച്ചതിൽ ആകെ നിർമ്മാണം നടന്ന 42 കെട്ടിടങ്ങളിൽ 3 കെട്ടിടങ്ങളൊഴികെ ബാക്കിയുള്ള എല്ലാ കെട്ടിടങ്ങളുടെയും വിസ്തൃതി 100 സ്വ.മീറ്ററിൽ കുറവാണ്. കേറ്റഗറി -2 വിഭാഗത്തിൽപ്പെട്ട പഞ്ചായത്തുകളിൽ 100 ച.മീറ്റർ വരെയുള്ള നിർമ്മാണങ്ങൾക്ക് പെർമിറ്റ് വേണ്ടന്ന ആനുകൂല്യം ഉപയോഗിച്ചാണ് പെർമിറ്റ് ഉൾപ്പെടെയുള്ള നിയമാനുസൃത അനുമതികളിലില്ലാതെ നിർമ്മാണം നടത്തിയിട്ടുള്ളത്. ഈ അനധികൃത നിർമ്മാണം സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നം. 401015 /BAUVO2 /General /2023 /2670 (05) തീയതി 01 / 05 /2023 പ്രകാരം ജില്ലാ ജിയോളജിസ്റ്റ് ,ജില്ലാ മൈനിംഗ് & ജിയോളജി വകുപ്പ് വയനാട് ,അസി.എഞ്ചിനിയർ കെ.എസ്.ഇ.ബി. വൈത്തിരി, ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്, സ്റ്റേഷൻ ഹൗസ് ഓഫീസർ വൈത്തിരി, ചെയർമാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കലക്ടർ, വയനാട് എന്നിവരെയും അറിയിച്ചിട്ടുണ്ട്.

അനധികൃത നിർമ്മാണം സംബന്ധിച്ച് കെട്ടിട ഉടകൾക്ക് നോട്ടിസ് നൽകിയതിനെ തുടർന്ന് സ്വീകരിച്ച തുടർ നടപടി വിവരവും,മേൽ അനധികൃത നിർമ്മാണം നിലവിൽ റെഗുലറൈസ് ചെയ്തു കൊടുത്തിട്ടുണ്ടോ എന്നത് സംബന്ധിച്ചും,ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മേൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും.റവന്യൂ റികോർഡ്സ്, സബ്ബ് രജിസ്ട്രാർ ഓഫീസ് രേഖകൾ പരിശോധിച്ച് ഈ ഭൂമി നിയമാനുസൃതമായുള്ളതാണോ എന്നത് സംബന്ധിച്ചും വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ-18/2022- 2023 തീയതി : 26/10/2023) ലഭ്യമാക്കിയ മറുപടിയിൽ ( നംബർ എസ്.സി 3-6305 2023 തീയതി, 27-10-2023) ഈ അനധികൃത നിർമ്മാണവുമമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമായ മേൽ വിലാസത്തിൽ നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 30-4-2023 തീയതിയിൽ താൽകാലിക ഉത്തരവ് നൽകിയിട്ടുണ്ട് എന്നും, 32 പേർക്ക് അയച്ച കത്തിൽ 14 കത്തുകൾ ഉടമസ്ഥർ ഇന്ത്യയിൽ ഇല്ലെന്നുള്ള കാരണം രേഖപ്പെടുത്തി തിരികെ വന്നിരിക്കയാണ് എന്നും, പിന്നീട് ഇതേ വിലാസത്തിൽ 20-6-2023 തീയതിയിൽ വീണ്ടും കത്ത് നൽകുകയും ആയത് കൈപ്പറ്റിയവർ 15-7-2023 ന് ഹിയറിംഗിന് ഹാജരായി വിശദീകരണം നൽകുകയുണ്ടായി . എന്നാൽ ഹിയറിംഗിൽ ബോധിപ്പിച്ച വിവരങ്ങൾ തൃപ്തികരമല്ലാത്തതിനാൽ മേൽ വിലാസം ലഭ്യമായവർക്ക് അനധികൃത നിർമ്മാണം സംബന്ധിച്ച് 5-9-2023 ന് അന്തിമ ഉത്തരവ് നൽകിയിട്ടുണ്ട് എന്നും അറിയിചിട്ടുണ്ട്. മാത്രവുമല്ല അനധികൃത നിർമ്മാണങ്ങൾക്ക് യു.എ. നമ്പർ നൽകി 3 ഇരട്ടി നികുതി ഈടാക്കുന്നതിനായി സ്ഥലം / കെട്ടിടം ഉടമകളുടെ പേരു വിവരങ്ങൾ ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസറോടൊപ്പം 29-09-2023 തീയതിയിൽ സംയുക്ത സ്ഥല പരിശോധന നടത്തിയെങ്കിലും വ്യക്തമായ വിലാസം ലഭ്യമാകാത്തതിനാൽ

സ്ഥലമുടമകളുടെ യതാർത്ഥ മേൽ വിലാസം ലഭ്യമാക്കുന്നതിനായി വൈത്തിരി സബ്ബ് രജിസ്ട്രാർ ഓഫീസിലേക്ക് കത്തയച്ചതായി അറിയിച്ചിട്ടുണ്ട്.

ഈ അനധികൃത നിർമ്മാണം സംബന്ധിച്ച് പ്രാഥമീകമായി സ്വീകരിക്കേണ്ടുന്ന നിയമാനുസൃത നടപടികൾ ചട്ടപ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മേൽ വിലാസം ലഭ്യമല്ലാത്ത അനധികൃത നിർമ്മാണം നടത്തിയവരെ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി വൈത്തിരി സബ്ബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. 100 സ്വ.മീറ്ററിൽ താഴെയുള്ള കെട്ടിട നിർമ്മാണങ്ങൾ നിയമാനുസൃത അനുമതികളില്ലാതെ കാറ്റഗറി 2 ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കാമെന്ന നിയമത്തെ ദുരുപയോഗം ചെയ്താണ് ഇത്രയും നിർമ്മാണങ്ങൾ നടന്നിട്ടുള്ളത്.മാത്രവുമല്ല നിയമാനുസൃതമല്ലാത്ത നിർമ്മാണം പൂർത്തിയായ ഭൂരിഭാഗം കെട്ടിടങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പരിസ്ഥിതി ദുർബലമായ പ്രദേശത്ത് അധികൃതരുടെ അനുമതിയില്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്തുന്നത് നിർമ്മാണത്തിന്റെ ആരംഭത്തിൽ തന്നെ കണ്ടെത്തി നടപടി സ്വീകരിക്കുന്ന സംവിധാനങ്ങൾ അനിവാര്യമാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് ഫിൽഡ് തല പരിശോധന ശക്തിപെടുത്തേണ്ടതാണ്. മേൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് കൈവശക്കാരുടെ പൂർണ്ണമായ മേൽവിലാസം കണ്ടെത്തി നിയമാസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 പട്ടിശ്ശേരി റോഡ് നവീകരണം-കരാറുകാരന് അധികം നൽകിയ ₹ 10937.00 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കി

സൂചന- പ്രൊജക്ട് ഫ യൽ. So175/23

| | |
|---|---|
| പ്രൊജക്ടിന്റെ നംബർ- | So175 /23 |
| പ്രൊജക്ടിന്റെ പേര് | പട്ടിശ്ശേരി റോഡ് നവീകരണം |
| ഫണ്ട് അടങ്കൽ | ₹ 2,50,000 (M.G. (Road) |
| എസ്റ്റിമേറ്റ് തുക | ₹ 2,50,000 |
| ഫണ്ട് ചെലവ് | ₹ 2,40,164.00 |
| ബിൽ നം. തീയതി, തുക | 22180252016201051784 Dt 18-3-2023 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| ഭരണാനുമതി തുക | ₹3,00,000.00 |
| എം.ബുക്ക് നം. | Price-3 |
| കരാറുകാരൻ. | Sri-Rahmas |

മെയിന്റനൻസ് (റോഡ്) ഫണ്ട് വകയിരുത്തി 2022-23 ൽ നടപ്പാക്കിയതാണ് പട്ടാശ്ശേരി റോഡ് നവീകരണം എന്ന പ്രവൃത്തി..₹2,50,000 രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ച ഈ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ലഭിച്ച ടെണ്ടറുകളിൽ ശ്രീ. റഹ്മാസ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത₹1,93,931.60നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ താഴെ ചേർത്ത പ്രകാരമാണ് തുക കണക്കാക്കിയിട്ടുള്ളത്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹ 2,03,528.76 |
| ജി.എസ്.ടി 18% | ₹ 36,635.00 |
| ആകെ | ₹ 2,40,163.93 (Rounded To ₹2,40,164) |
| റിക്കവറികൾ | |
| ക്ഷേമനിധി 1% | ₹ 2036 |
| CGST !% | ₹ 2036 |
| SGST 1% | ₹2036 |
| IT 1% | ₹2036 |
| ആകെ റിക്കവറി തുക | ₹ 8144 |
| കരാറുകാരന് നലകിയ തുക | ₹ 2,32,020 |

എന്നാൽ ആകെ പ്രവൃത്തിമൂല്യം കണകാക്കിയ തുക ടെണ്ടർ അംഗീകരിച്ച തുകയായ ₹1 93,931.60 രൂപയിൽ ലിമിറ്റ് ചെയ്തായിരുന്ന ഫൈനൽ ബിൽ തുക കണകാക്കേണ്ടിയിരുന്നത് ആയത് അനിസരിച്ച് മേൽ പ്രവൃത്തിയിൽ കണകാക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹ 2,03,528.76 |
| ടെണ്ടർ തുകയിൽ പരിമിതപ്പെടുത്തിയത് | ₹1 93,931.60 |
| ജി.എസ്.ടി 18% | ₹ 34,907.68 |
| ആകെ തുക | ₹ 2,28,839.28 |
| റിക്കവറികൾ | |
| ക്ഷേമനിധി 1% | ₹1939 |
| CGST 1% | ₹ 1939 |
| SGST 1% | ₹ 1939 |
| IT 1% | ₹1939 |
| ആകെ റിക്കവറി തുക | ₹ 7756 |
| കരാറുകാരന് അർഹമായ തുക | ₹ 221,083 |
| കരാറുകാരന് നൽകിയ തുക | ₹ 2,32,020 |
| അധികമായി നൽകിയ തുക | ₹ 10937.00 |

മേൽ പട്ടികപ്രകാരം അധികമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് (നമ്പർ 12/2022- 2023 തീയതി :10/10/2023) നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനെ തുടർന്ന് ₹ 10937.00 രൂപ 01-11-2023 ന് ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ടെണ്ടർ തുകയുടെ BOQ സ്റ്റേറ്റ്മെന്റ്, എഗ്രിമെന്റ്, വർക്ക് ഓർഡർ, എം,ബുക്ക് പ്രകാരമുള്ള മൂല്യനിർണ്ണയം, വർക്ക് ബില്ലിലെ രേഖപ്പെടുത്തലുകൾ, എന്നിവ സംബന്ധിച്ചുള്ള രേഖകൾ പരിശോധിച്ച് മാത്രമേ കരാറുകാരന് തുക അനുവദിക്കുന്നുള്ളു എന്ന് . ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 തട്ടാൻമൂല കുടിവെള്ള പദ്ധതി ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കി

സൂചന- പ്രൊജക്ട് ഫയൽ. So 77/23

| | |
|---|---|
| പ്രൊജക്ടിന്റെ നംബർ- | So77/23 |
| പ്രൊജക്ടിന്റെ പേര് | തട്ടാൻമൂലകുടിവെള്ളപദ്ധതി |
| ഫണ്ട് അടങ്കൽ | ₹1,00,000.00 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ഫണ്ട് ചെലവ് | ₹ 92015.00 |
| ബിൽ നം. തീയതി, തുക | XVFC /2022-23 / P /28 Dt 16-01-2023 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| ഭരണാനുമതി തുക | ₹1,00,000.00 |
| എം.ബുക്ക് നം. | 69 /21-22 |
| കരാറുകാരൻ. | ശ്രീ.ഗംഗാധരൻ.കെ |

ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി 2022-23 ൽ നടപ്പാക്കിയതാണ് തട്ടാൻമൂല കുടിവെള്ള പദ്ധതി. ഈ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ശ്രീ. പി.ഗംഗാധരൻ. കെ എന്നവരുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയിനങ്ങളിൽ ഐറ്റം ക്രമ നംബർ 2 ൽ കുടിവെള്ള പദ്ധതിക്കായി 1.5 എച്ച്.പി മോട്ടോർ ഉൾപ്പെടെ സ്ഥാപിക്കുന്നതിനുള്ള ചെലവിനവും ഉൾപ്പെട്ടിരുന്നു. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയോടൊപ്പം 12% ജി.എസ്.ടി തുക കൂടി കണകാക്കി കരാറുകാരന് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് അനുസരിച്ച് ഈ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം കണകാക്കിയ തുകയോടൊപ്പം 12% ജി.എസ്.ടി ഉൾപ്പെടെ കണകാക്കി കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജി.എസ്.ടി കണകാക്കുന്നതിനുള്ള ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ജി.എസ്.ടി ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള 1.5 എച്ച്.പി. മോട്ടോറിന്റെ വിലയായ ₹ 23000 രൂപ കുറച്ചിട്ടില്ല അതുവഴി ജി.എസ്.ടി ഇനത്തിൽ ₹ 2759 രൂപ കൂടി അധികമായി കണകാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജി.എസ്.ടി ഉൾപ്പെടെ കണകാക്കിയ തുക | തുക | കണകാക്കേണ്ടിയിരുന്ന തുക | അധികമായി കണകാക്കിയ തുക |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 82156.00 | 82156.00<br>(-) 23000 (Motor Prize) | |

| | | | |
|---|---|---|---|
| | | 59,156.00 | |
| ജി.എസ്.ടി 12% | 9858.00 | 7099.00 | |
| ജി.എസ്.ടി വ്യത്യാസം | 9858.00 - | 7099.00 | 2759.00 |

ഈ പ്രവൃത്തിക്ക് പർച്ചേസ് ചെയ്ത 1.5 എച്ച്.പി മോട്ടോറിന്റെ വിലയായ ₹23000 യുടെ ഇൻവോയിസ് പ്രകാരമുള്ള ബില്ലിൽ 12% ജി.എസ്.ടി പ്രത്യേകമായി കണകാക്കിയിട്ടുണ്ട്.ആയതിനാൽ ജി.എസ്.ടി കണകാക്കുന്നതുകയിൽ മോട്ടോർ പർച്ചേസ് തുക കുറച്ചതിനുശേഷം മാത്രമേ ഫൈനൽ ബിൽ തുക കണകാക്കാൻ പാടുള്ളു. ആയതിനാൽ ഈയിനത്തിൽ അധികം കണകാക്കിയ ₹ 2759 രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവാൻ നിർദ്ദേശിച്ച് നമ്പർ 11/2022- 2023 തീയതി :25/10/2023 പ്രകാരം ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിനെ തുടർന്ന് പ്രസ്തുത ₹2759 രൂപ ബന്ധപ്പെട്ട ഫണ്ടിലൊടുക്കി രസീത് ഹാജരാക്കി മറുപടി (നം. ഇ. 51 /23 തീയതി 31-10-23) ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് തുക അനുവദിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാരന് നിയമപരമായി അർഹമായ തുക മാത്രമേ അനുവദിക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-34 സുഗന്ധഗിരി പ്രളയത്തിലെ മണ്ണ് നീക്കം ചെയ്യൽ- ചെലവ് രേഖകളുടെ ആധികാരികത വ്യക്തമല്ല ചെലവ് തുക ₹1,00,000.00 തടസ്സത്തിൽ വെക്കുന്നു.

സൂചന- പ്രൊജക്ട് ഫയൽ. S0087/23

| | |
|---|---|
| പ്രൊജക്ടിന്റെ നംബർ- | S087/23 |
| പ്രൊജക്ടിന്റെ പേര് | സുഗന്ധഗിരി പ്രളയത്തിലെ മണ്ണ് നീക്കം ചെയ്യൽ |
| ഫണ്ട് അടങ്കൽ | ₹1,00,000.00 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ഫണ്ട് ചെലവ് | ₹1,00,000.00 |
| ബിൽ നം. തീയതി, തുക | XVFC /2022-23 / P /23 Dt 12-04-2022 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| ഭരണാനുമതി തുക | ₹1,00,000.00 |

2018 ലെ പ്രളയത്തിൽ സുഗന്ധഗിരിയിലുണ്ടായ മണ്ണിടിച്ചലിൽ ഗതാഗത തടസ്സം നീക്കുന്നതിനായി JCB ഉപയോഗിച്ച് മണ്ണ് മാറ്റി പൂർവ്വസ്ഥിതിയിലാക്കിയതിന്റെ വാടകയിനത്തിലെ തുക അനുവദിക്കുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. 2018 ലെ പ്രസ്തുത ചെലവ് തുക ലഭിക്കുന്നതിന് വയനാട് ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും ഫണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലെന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്, പ്ലാൻ ഫണ്ട് ഉൾപ്പെടുത്തി തുക നൽകാവുന്നതാണെന്ന് അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് വൈത്തിരി തഹസിൽദ്ദാറുടെ ബി2 / 6032 /18 തീയതി, 30-10-2018 നമ്പറായിട്ടുള്ള കത്തിൽ 2018 ലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് വൈത്തിരി താലൂക്ക് പൊഴുതന വില്ലേജിലെ സുഗന്ധഗിരി പ്രദേശങ്ങളിലെ റോഡുകളിൽ വീണ മണ്ണ് മുഴുവൻ നീക്കം ചെയ്യുന്നതിനായി ഈ ഓഫീസിൽ നിന്നും JCB അനുവദിച്ചതായും ആയതിന് ഡീസൽ നൽകുകയും ചെയ്തിട്ടുണ്ട് എന്നും, പൊഴുതന വില്ലേജ് ഓഫീസറുടെ സാന്നിദ്ധ്യത്തിലാണ് ഈ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത് എന്നും ഇതുമായി ബന്ധപ്പെട്ട് JCB ഉടമകൾ വാടക ആവശ്യപ്പെട്ടിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തി ആരുടെ നിർദ്ദേശപ്രകാരമാണ് നടത്തിയിട്ടുള്ളത് വ്യക്തമല്ലെന്നും ഈ ഓഫീസിൽ നിന്നും ഇത്തരമൊരുപ്രവൃത്തി നടത്തുവാൻ നിർദ്ദേശിച്ചിട്ടില്ലെന്നും തഹസിൽദ്ദാരുടെ കത്തിൽ രേഖപ്പെടുത്തികാണുന്നു.

എന്നാൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് 1-1-2018 ൽ സുഗന്ധഗിരിയിലെ റോഡിലെ മണ്ണ് നീക്കംചെയ്തതിന് JCB ,Hittachiവാടക ഇനത്തിൽ ₹1,06,800 രൂപ ലഭിക്കാനുള്ളതായി ശ്രീ. അജേഷ്, എം.എസ്, മലയിൽ ഹൗസ് എന്ന വ്യക്തി അപേക്ഷ സമർപ്പിക്കുയുണ്ടായി. പ്രൊജക്ട് ചെലവിൽ ഉൾപ്പെടുത്തി ₹1,00,000 രൂപ അപേക്ഷകന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018 ലെ ഈ ചെലവ് 2023 വരെ വൈകിയതിന്റെ സാഹചര്യം വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് സ്വന്തം നിലക്ക് നടത്തിയ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായാണ് ഈ പ്രവൃത്തി നടത്തിയതെങ്കിൽ ഈ പെയ്മെന്റ് നൽകുന്നതിന് അപേക്ഷകൻ റവന്യൂ അധികാരികൾക്ക് അപേക്ഷ സമർപ്പിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. മാത്രവുമല്ല ചെലവ് സംബന്ധിച്ച് ഫയലിൽ ഉൾപ്പെടുത്തിയ ഹിറ്റാച്ചി, ജെ.സി.ബി ലോഗ് ബില്ലുകളുടെ ആധികാരികത പരിശോധിച്ച് അംഗീകരിച്ചതായി കാണുന്നില്ല. ഇത്തരമൊരു ചെലവ് നടത്തുന്നതിന് 2018 ൽ ലഭിച്ച അപേക്ഷയിന്മേൽ തുക നൽകുവാനുള്ളത് സംബന്ധിച്ച് ഭരണസമിതി തീരുമാനമൊന്നും ഫയലിൽ ലഭ്യമല്ല. ആയതിനാൽ യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തിയ ദുരിതാശാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായുള്ളതാണ് പ്രസ്തുത ചെലവ് എന്നത് സംബന്ധിച്ച് ആധികാരിക രേഖകൾ, 2018 ലെ ഈ ചെലവ് 2023 വരെ താമസിച്ചതിന്റെ കാരണം,

ഭരണസമിതി തീരുമാനം, ഇടങ്ങിയ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 10 /2022- 2023 തീയതി :25/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് ആവശ്യപ്പെട്ട രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ഈയിനത്തിലെ ചെലവ് തുക ₹1,00,000 തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 20/10/23 & 23/10/23 | ഇതേ ഓഡിറ്റ് റിപ്പോർട്ട് നം./തീയതി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 380000 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി- ജനറൽ | 380000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 460000 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി- പട്ടികജാതി | 460000 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 142500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 142500 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 304000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 304000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | സ.ഉ(എ.എസ്) 83/13/തസ്വഭവ- 11.03.2013 | 23500000 | 8068010 | 3517600 | . | 4550410 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-18 | 2020-21 | അനുബന്ധം 2ഖണ്ഡിക 352 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ | പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടില്ല |
| 2016-17 | | 2017-18 | 445 | ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | 2.2 | തൊഴിൽ നികുതി മുഴുവനായും പിരിച്ചെടുത്തില്ല | അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | 2.2 | തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയില്ല | റിട്ടേണുകൾ ഹാജരാക്കി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 1998-99 | 34 | 2002-03 | 12(2) (I) | എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർവിഷൻ , ചെക്ക് മെഷർമെന്റ് അധിക തുക നൽകൽ | സമിതിയുടെ പരിഗണനയിൽ |
| 1998-99 | 38 | 2002-03 | 12(2) (iii) | എലി വിഷ നിർമ്മാർജ്ജനം | സമിതിയുടെ പരിഗണനയിൽ |
| 1999-00 | 37 | 2002-03 | 12(9)(1) | കറവൻതോട് ശുദ്ധ ജല വിതരണ പദ്ധതി അധികം തുക നൽകി | സമിതിയുടെ പരിഗണനയിൽ |
| 1999-00 | 39 | 2002-03 | 12(9)(ii) | കനകമല വാട്ടർ സപ്ലൈ സ്കീം പൂർത്തീകരണം | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| **ഓഡിറ്റ് വർഷത്തെ ആകെ വരവ്** | : | ₹ 5,19,62,480.00 |
| **ഓഡിറ്റ് വർഷത്തെ ആകെ ചെലവ്** | : | ₹ 4,35,27,314.00 |
| **വരവിനങ്ങളിലുള്ള നഷ്ടം** | : | -₹5901.00 |
| **ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക** | : | ₹ 20,000.00 |
| **ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക** | : | ₹ 3,47,080 .00 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-18 | 20,000 | ഡോ.ധന്യ രാജൻ<br>വെറ്റിനറി സർജ്ജൻ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ക്രമ നം | ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-24 | 2,47,080 | ശ്രീ.ഷൈനിജോർജ്<br>ഹെഡ്മിസ്ട്രസ് |
| 2 | 1-34 | 1,00,000 | ശ്രീ. വിഷ്ണു. ടി.സി<br>അസി.എഞ്ചിനിയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിഷ്ണു.ടി.സി | അസി.എഞ്ചിനിയർ<br>പൊഴുതന ഗ്രാമപഞ്ചായത്ത് | തളികുളം ഹൗസ്<br>കറുവൻ റോഡ്,<br>ചീയ്യാരം,<br>ത്രിശ്ശൂർ, പിൻ.680026 |
| ഡോ.ധന്യ രാജൻ | വെറ്റിനറി സർജ്ജൻ | സൗപർണ്ണിക ഹൗസ്, സൗഹൃദ നഗർ, എമിലി, കൽപ്പറ്റ |
| ശ്രീ.ഷൈനി ജോർജ് | ഹെഡ്മിസ്ട്രസ് | ആലൂക്കരൻ ഹൗസ്, ഓൾഡ് വൈത്തിരി.പി.ഒ |
| ശ്രീ.എ.ആർ.ശ്രീജിത്ത് | സെക്രട്ടറി | ശ്രീഹരി നിവാസ്, മണിയങ്കോട് പി.ഒ<br>കൽപ്പറ്റ ,പിൻ. 670643 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | എൽ.എഫ്.(ഡബ്ല്യൂ.).പി3./124/10(4)/ 15.2.10 | 17 |
| 1998-99 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(6)/ 15.2.10 | 2 |
| 1999-00 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(7)/ 15.2.10 | 2 |
| 2000-01 (Plan) | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(8)/ 15.2.10 | 1 |
| 2000-01 | എൽ.എഫ്.(ഡബ്ല്യൂ.)പി3./709/08/17.11.08 | 1 |
| 2001-02 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(9)/ 15.2.10 | 2 |
| 2003-04 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(11)/ 15.2.10 | 1 |
| 2006-07 | എൽ.എഫ്.(ഡബ്ല്യൂ.)പി3./250/10/ 8.4.10 | 8 |
| 2007-08 | എൽ.എഫ്.(ഡബ്ല്യൂ.)പി3./609/09/05.12.2009 | 5 |
| 2008-09 | എൽ.എഫ്.(ഡബ്ല്യൂ.)പി3.208/14/17.7.14 | 13 |
| 2009-10 | എൽ.എഫ്.(ഡബ്ല്യൂ.)പി3.208/12/31.05.2012 | 5 |
| 2010-11 | എൽ.എഫ്.(ഡബ്ല്യൂ.)പി2.121/13/4.4.14 | 13 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യൂ.)പി2.392/14/31.05.2017 | 19 |
| 2013-14 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)p2-405/15/31.05.2017 | 7 |
| 2014-15 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-279/16/27.12.2017 | 12 |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-855/16/13.03.2018 | 11 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-526/17/17.03.2018 | 20 |
| 2017-18 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)p1-862/18 /07.01.2018 | 32 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1-633/19 തിയ്യതി: 18/09/2019 | 14 |
| 2019-20 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1-446/21 തിയ്യതി: 30/06/2021 | 23 |
| 2020-21 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1-568/2022 തിയ്യതി: 21.07.2022 | 15 |
| 2021-22 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)-പി1-1018/2022 തീയ്യതി: 28/12/2022 | 38 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/2 dated 22-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pozhuthana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pozhuthana Grama Panchayat for the year 2022-2023

**Date: 04/12/2023**

**Deputy Director**
**District Office Wayanad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Pozhuthana Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets(Jalanidhi, MGNREGS assets not added to Balance Sheet).

**2.Other Observations**

1. Not providing adequate provision for doubtful debts

2. Cash flow statement -Net increase/decrease in cash flow does not match with the difference between the opening balance and the closing balance of cash and cash equivalents.

3. The following mandatory financial statements prescribed in accounting rules are not submitted for audit.

Accounting Notes, Ratios & Previous years comparisons.

4. Bank Reconciliation statements not produced.
5. Lapse in making timely and accurate demand entries in respect of tax and non tax revenue, eg:-Building Tax, Profession Tax & FSETO Licence.

6. Lack of authenticated journal vouchers for supporting the adjustment enties recorded in Prior Period Items

7. demand registers are not periodically reconciled with accounts

8. Building Tax Demand register does not match with Financial statement.
9. Stock Register, Deposit register, FACTEOS icence register, Profession Tax registers, not produced.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## Abstract of Annual Financial Statement

**Pozhuthana Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5136866.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 230632.00 |
| 140000000 | Fee & User Charges | I-4 | 863944.00 |
| 150000000 | Sale & Hire Charges | I-5 | 108054.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164887275.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 229511.00 |
| 180000000 | Other Income | I-9 | 84.00 |
| 190000000 | Prior Period Income | I-19 | 19386.00 |
| | **Total Income** | | **171456366.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12360126.00 |
| 220000000 | Administrative Expenses | I-11 | 804390.00 |
| 230000000 | Operations & Maintenance | I-12 | 1577841.00 |
| 240000000 | Interest & Finance Charges | I-13 | 1046.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7751840.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 28979969.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 14352699.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 71091425.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 30048000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1313087.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

Page No : 1

Digitally signed by A R SR
Date: 2023.06.27 12:54:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 3486616.00 |
| | **Total Expenditure** | | **171767039.00** |
| | **Gross Surplus / Deficit of income over Expenditure** | | -**310673.00** |
| | **Gross Surplus / Deficit of income over Expenditure** | | -**328439.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -1620.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **17766.00** |

# Pozhuthana Grama Panchayat
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 13453952.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 159528.00 |
| 312000000 | Reserves | B-3 | 50808698.00 |
| | **Total Reserve & Surplus** | | **64422178.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 35419727.00 |
| | **Total Grants, Contributions for Specific Purposes** | | **35419727.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 34048607.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **34048607.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 903019.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2680540.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3583559.00** |
| | **TOTAL LIABILITIES** | | **137474071.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 10098972.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1228272.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 15955502.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 77925090.00 |
| 416000000 | Accumulated Depreciation | B-11(a) | -31067013.00 |
| | **Total Fixed Assets** | | **74140823.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by A R SR
Date: 2023.06.27 12:54:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9382611.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 25208607.00 |
| 450000000 | Cash and Bank Balance | B-17 | 26122155.00 |
| 460000000 | Loans, Advances and Deposits | B-18 | 2619875.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **63333248.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **137474071.00** |

## Pozhuthana Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17636311.00 |
| Cash | Cash | RP-40(a) | 50678.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 832900.00 |
| 130000000 | Rental income from Panchayat Properties | RP-3 | 43732.00 |
| 140000000 | Fees & User Charges | RP-4 | 693444.00 |
| 150000000 | Sale & Hire Charges | RP-5 | 108054.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9975676.00 |
| 171000000 | Interest Earned | RP-9 | 229511.00 |
| 190000000 | Prior Period Income | RP-11 | 5200.00 |
| 210000000 | Establishment Expenses | RP-12 | 123980.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24893376.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5683409.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 84.00 |
| 330000000 | Secured Loans | RP-31 | 9000000.00 |
| 340000000 | Deposits Received | RP-33 | 28027.00 |
| 350000000 | Other Liabilities | RP-35 | 329087.00 |
| | **Grand total** | | **69649469.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 21495.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 530512.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9020127.00 |
| 460000000 | Loans, Advances and Deposits | RP-49 | 185000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 212538.00 |
| 350000000 | Other Liabilities | RP-35 | 33557642.00 |
| | **Closing Balance** | | |



Digitally signed by A R SR
Date: 2023.06.27 12:54:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 26049405.00 |
| Cash | Cash | RP-40(b) | 72750.00 |
| | **Grand Total** | | **69649469.00** |



Deputy Director
District Audit Office,Wayanad